# നിരീക്ഷണങ്ങൾ



എസ്. വെങ്ങാലൂർ സി. എം. ഐ

# നിരീക്ഷണങ്ങൾ

CARMEL JYOTHI
ALWAYE
THAIKKATTUKARA

NIREEKṢHANANGAL
(Observations)

S. Vengaloor C.M.I (79)

Published by CHAVARA ACTION P.B. 648
KOTTAYAM - 1

Distribution : Deepika Book House
Sastri Road. Kottayam - 1

Price: ₹ 30 /-

# വായനവേദിയിൽ

**കേ**രളസഭാചരിത്രത്തിൽ സാധാരണക്കാരും പണ്ഡിതരും പലപ്പോഴും കാണാതെ പോകുന്നതും, കാണുന്നതും എന്നാൽ മഹത്ത്വം മനസ്സിലാക്കാതെ പോകുന്നതുമായ കാര്യങ്ങളാണ് ഈ "നിരീക്ഷണ"ങ്ങളിൽ പരാമർശ വിഷയമാക്കിയിരിക്കുന്നത്. സഭാ ഭരണവും വൈദികവിദ്യാർത്ഥികളുടെ പരിശീലനവും വിദേശ കർമ്മെലീത്താ മിഷനറിമാരിൽനിന്നും കേരളസഭയ്ക്കു ലഭിക്കുവാനിടയായിട്ടുണ്ട്. പഴയ ഉടമ്പടിഗ്രന്ഥത്തിൽ പ്രസിദ്ധനായ ഏലിയാ ദീർഘദർശിയിലാരംഭിക്കുന്ന കർമ്മെലീത്താ ചൈതന്യമാണ് ആദ്യം പരിഗണിക്കുന്നത്. റോക്കോസ്-മേലൂസ് ശീശ്മകളിൽനിന്നും കേരളസഭയെ രക്ഷിക്കയും ആരാധനക്രമത്തിന് രൂപഭാവങ്ങൾ ഉണ്ടാക്കുകയും, സഭാമക്കളെ സന്ന്യാസം പഠിപ്പിക്കയും ചെയ്ത ചാവറപ്പിതാവിനെപ്പറ്റിയാണ് പിന്നീടുള്ള പഠനം. മൂപ്പച്ചന്മാർ എന്ന വിളിപ്പേരിലറിയപ്പെടുന്ന വിദേശമിഷനറിമാരെപ്പറ്റിയാണ് അടുത്ത വിശകലനം. കഴിഞ്ഞ രണ്ടുമൂന്നു നൂറ്റാണ്ടുകളായി പണ്ഡിതന്മാരുടെ ഇടയിൽ ഒരു ബൗദ്ധികരോഗം പോലെ ഇടയ്ക്കിടക്കു പ്രത്യക്ഷപ്പെടുന്ന നാസ്തിക ചിന്തയെപ്പറ്റിയുള്ള ആശയങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളഭാഷയ്ക്ക് അജ്ഞാതമായിക്കിടന്ന ഗ്രന്ഥമാണ് ഫാ. ജരാർദിന്റെ അലങ്കാരശാസ്ത്രം. കഠിനാദ്ധ്വാനവും നിരന്തര പഠനവും വഴി രചിച്ച ഈ ഗ്രന്ഥം സി.എം.ഐ. സഭയിലെ ഗവേഷകരിൽ മുമ്പനും, പണ്ഡിതരിൽ അഗ്രഗണ്യനും, താപസരിൽ ശ്രേഷ്ഠനും മാതൃകയുമായ ജരാർദ് കണ്ണമ്പള്ളിയുടെ പ്രകൃഷ്ട കൃതിയാണ്. 'ഒരു നൂറ്റാണ്ടിലധികമായി സ്വന്തസമൂഹത്തിനുകൂടെയും അജ്ഞാതനായി കഴിഞ്ഞിരുന്ന ഫാ. ജരാർദിന്റെ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി അദ്ദേഹത്തിന്റെ പാണ്ഡിത്യം ജനങ്ങളുടെ മുമ്പിൽ വെളിപ്പെടുകയാണ് ചെയ്തിരിക്കുന്നത്'.

**രചയിതാവ്**

## നിരീക്ഷണങ്ങൾ

1. കർമ്മെലമലയും സന്ന്യാസ ചൈതന്യവും 5
2. കേരളസഭയുടെ സമുജ്ജ്വലതാരം 20
3. മൂപ്പച്ചന്മാർ 30
4. നാസ്തിക ചിന്ത 34
5. ജരാർദിന്റെ അലങ്കാരശാസ്ത്രം 39

# കർമ്മെലമലയും സന്ന്യാസചൈതന്യവും

**ബൈ**ബിളിലെ നൂതനഗ്രന്ഥമായ പുതിയ ഉടമ്പടിയിൽ ഇസ്രായേലിലെ പ്രസിദ്ധമായ കർമ്മെലമലയെപ്പറ്റി പരാമർശങ്ങളൊന്നുമില്ല. ക്രിസ്തുവിന്റെ പ്രവർത്തനമേഖല ഗലീലയാ, സമാറിയാ, യൂദാ എന്നീ പ്രദേശങ്ങളിലായിരുന്നല്ലോ. ക്രിസ്തുവിന്റെ പ്രഭാഷണങ്ങളിലോ അത്ഭുതപ്രവർത്തനങ്ങളിലോ ഉപമകളിലോ കർമ്മെലമലയെപ്പറ്റി സൂചനകളൊന്നുമില്ല. സെന്റ് പോളിന്റെ ലേഖനങ്ങളിലും പുതിയ ഉടമ്പടിയിലെ മറ്റു ഗ്രന്ഥങ്ങളിലൊന്നും ഈ സ്ഥലത്തെപ്പറ്റി ഒന്നും രേഖപ്പെടുത്തിയിട്ടുമില്ല.

എന്നാൽ പഴയ ഉടമ്പടിഗ്രന്ഥത്തിൽ കർമ്മെലമലയെപ്പറ്റി ധാരാളം പ്രസ്താവങ്ങളുണ്ട്. പഴയ ഉടമ്പടിഗ്രന്ഥത്തിൽ രണ്ടു സ്ഥലങ്ങളെങ്കിലും കാർമ്മെൽ എന്ന പേരിൽ അറിയപ്പെടുന്നുണ്ട്. പലസ്തീനായുടെ വടക്കുഭാഗത്തുള്ള ചരിത്രപ്രസിദ്ധമായ മലയാണ് ഇതിലൊന്ന്. യൂദയായിൽ ഹെബ്രോണിൽനിന്നും പത്തു കിലോമീറ്റർ അകലെയുള്ള ഒരു ഗ്രാമം ഇന്നും കാർമ്മെൽ എന്ന പേരിലാണറിയപ്പെടുന്നത്. ഇതിൽ ആദ്യത്തെ മലമ്പ്രദേശമാണ് ഇന്നും കാർമ്മെൽ എന്ന നാമത്തിൽ പ്രസിദ്ധമായിട്ടുള്ളത്. ബൈബിൾ സാഹിത്യരൂപങ്ങളിൽ പരാമർശിക്കപ്പെടുന്നതും ധന്യനും താപസനുമായ ഏലിയായുടെ വാസസ്ഥലവും അത്ഭുതപ്രവർത്തന മേഖലയും ഇവിടെയായിരുന്നു. ഏലിയാ, ഏലീശ്വാ എന്നീ ആചാര്യന്മാർ അവരുടെ പ്രവർത്തനമേഖലയായ കർമ്മെലയെ ചരിത്രത്തിന്റെ ഭാഗമാക്കിത്തീർത്തു. പലസ്തീനായിലെ ഈ കുന്നിൻ പ്രദേശവും മാമുനീന്ദ്രനായ ഏലിയായുടെ ഭക്തസംഘവും തമ്മിലുള്ള ആദ്ധ്യാത്മികസമ്പർക്കങ്ങൾ ക്രൈസ്തവസഭാചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഏലിയാ നിർമ്മിച്ച കെട്ടിടങ്ങളുടെയോ, ആരം

ഭിച്ച സ്ഥാപനങ്ങളുടെയോ, സംഭരിച്ച സ്വർണ്ണസമ്പത്തിന്റെയോ പേരിലല്ല, പ്രത്യുത അദ്ദേഹത്തിന്റെ തപസ്സിന്റെയും ഉജ്ജ്വലമാതൃകയുടെയും വിലാസത്തിലാണ് കർമ്മെലയുടെ പ്രസിദ്ധി നിലകൊള്ളുന്നതെന്ന് പ്രാചീനപണ്ഡിതരിൽ ഒരാളായ നീസായിലെ ഗ്രിഗരി രേഖപ്പെടുത്തുകയുണ്ടായി.

എല്ലാ പ്രാചീനസംസ്കാരങ്ങളിലും മലകൾ വിശുദ്ധിയുടെ പ്രതീകങ്ങളായി വിവരിക്കാറുണ്ട്. സാധാരണക്കാർക്ക് പാദസ്പർശന സാദ്ധ്യതയില്ലാത്ത ഉന്നതപ്രദേശങ്ങൾ ദൈവിക സാന്നിദ്ധ്യ സാന്ദ്രതയേറിയതായി പരിഗണിക്കപ്പെട്ടുപോരുന്നു. കർമ്മെലമലയുടെ അത്യുന്നതഭാഗങ്ങളും ഇതുപോലെ വിശുദ്ധമേഖലയായിരുന്നു. ഏലിയായുടെ കാലത്ത് അധികമാളുകൾ കർമ്മെല മലയിൽ താമസിച്ചിരുന്നില്ല. മെഡിറ്ററേനിയൻ കടലിനോട് ഒട്ടിച്ചേർന്നുകിടന്നിരുന്ന സമതലപ്രദേശങ്ങളിൽപോലും സ്ഥിരതാമസമാക്കുവാൻ ആളുകൾ ഉത്സാഹിച്ചിരുന്നില്ല. റോമൻ ചരിത്രകാരനായ ടാസിറ്റസിന്റെ കുറിപ്പുകളിൽ സ്യൂസ് ദേവനു പ്രതിഷ്ഠിക്കപ്പെട്ട ബലിപീഠം നാലാം നൂറ്റാണ്ടിൽ കർമ്മെലയിൽ ഉണ്ടായിരുന്നതായി എഴുതിയിരിക്കുന്നു. രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതുപോലെ യവനദേവനായ ബാലിനു പ്രതിഷ്ഠിക്കപ്പെട്ട ബലിപീഠവും ഉണ്ടായിരുന്നു.

കാർമ്മെൽ എന്ന പദം മുന്തിരിത്തോട്ടം എന്നർത്ഥമുള്ള "കെരം" എന്ന നാമത്തിൽനിന്നാണ് ഉത്ഭവിച്ചിരിക്കുന്നത്. "ദൈവത്തിന്റെ പൂന്തോട്ടം" എന്നൊരർത്ഥം ജനിപ്പിക്കുന്നതാണ് ഈ പദം. പലസ്തീനായുടെ ഭൂപ്രകൃതി ദർശിച്ചിട്ടുള്ളവർക്ക് വിവിധനിറങ്ങളിലും ആകൃതിയിലുമുള്ള പൂക്കൾ നിറഞ്ഞ പട്ടുസാരിയുടുത്ത യുവതിയെപ്പോലെ കർമ്മെല ശോഭിക്കുന്നുവെന്ന വിവരണം അസ്ഥാനത്താവുകയില്ല. പഴയ ഉടമ്പടിയുടെ പശ്ചാത്തലത്തിൽ സൗന്ദര്യത്തിന്റെയും ആകർഷകമായ ദൃശ്യാവിഷ്കരണത്തിന്റെയും ഒരു വേദിയാണ് കർമ്മെല. വിവിധ വർണ്ണങ്ങളിലും രൂപങ്ങളിലും പ്രത്യക്ഷപ്പെടുന്ന അവിടുത്തെ പുഷ്പങ്ങൾ ആകർഷകവും ആദരണീയവുമാണ്. കൃഷിക്കുപയുക്തമല്ലാത്ത ഈ കുന്നിൻ പ്രദേശം പ്രകൃതിജന്യമായ വിവിധതരം പൂക്കൾ കൊണ്ട് അലങ്കരിക്കപ്പെട്ടിരിക്കുന്നു.

എന്നും ലതകളും പുഷ്പങ്ങളുമുള്ള സ്ഥലമായിരുന്നു കാർമ്മെൽ. മെഡിറ്ററേനിയൻ കടലിൽനിന്നും ഉരുണ്ടുപൊങ്ങുന്ന

മേഘങ്ങളെ പടിഞ്ഞാറൻ കാറ്റിന്റെ സഹായത്താൽ തടഞ്ഞു നിറുത്തുവാൻ കഴിഞ്ഞിരുന്നു. വേനൽക്കാലത്തുപോലും ആ പ്രദേശങ്ങളിൽ മഴയുണ്ടായിരുന്നതുകൊണ്ട് പച്ചപ്പ് നിതരാം പുലർത്തുവാൻ കഴിഞ്ഞിരുന്നു. വിവിധതരം സസ്യങ്ങളും കുറ്റിക്കാടുകളും നിറഞ്ഞ ഇവിടം നരികൾ, ചെന്നായ്ക്കൾ, കാട്ടുപൂച്ചകൾ, പാമ്പുകൾ എന്നിവയുടെ വാസകേന്ദ്രം കൂടിയായിരുന്നു. ഏകദേശം 150 ചി. കി. മീറ്റർ വിസ്തീർണ്ണം വരുന്ന ഈ പ്രദേശത്ത് കുന്നുകളും താഴ്വരകളും ദൃശ്യമാണ്. കർമ്മെലയുടെ മുകൾഭാഗം സമുദ്രനിരപ്പിൽനിന്നും 482 അടി ഉയരത്തിലാണ്.

ദൈവവുമായി രമ്യപ്പെടുകയും ബന്ധം പുലർത്തുകയും ചെയ്യുന്ന വ്യക്തികൾ വിവിധ ഇനം പുഷ്പങ്ങൾ വിരിയുന്ന കർമ്മെല മലപോലെ അനവധി സുകൃതങ്ങൾ വിളയുന്ന ഹൃദയത്തിനുടമസ്ഥരാകും. മരുപ്രദേശം കർമ്മെല മലപോലെയും, കർമ്മെല വൃക്ഷങ്ങൾ നിബിഡമായി വളരുന്ന വനം പോലെയുമാകുന്നത് മനുഷ്യനിൽ സാധിതമാകേണ്ട ആത്മീയ പരിവർത്തനത്തിന്റെ രൂപരേഖയാണ്.

## ഏലിയാമല

പഴയനിയമഗ്രന്ഥത്തിൽ പ്രത്യക്ഷപ്പെടുന്ന പ്രവാചകരിൽ പ്രസിദ്ധനും പ്രഗൽഭനും പ്രാർത്ഥനാശീലനുമാണ് ഏലിയാ. സൈന്യങ്ങളുടെ കർത്താവായ ദൈവത്തെപ്പറ്റിയുള്ള തീക്ഷ്ണതയാൽ എരിഞ്ഞു ജ്വലിച്ചവനായിരുന്നു അദ്ദേഹം. ഏലിയായുടെ പ്രവർത്തനമേഖലയായിരുന്നു കർമ്മെലമല. ബൈബിളിലെ പ്രേമകാവ്യമായ ഉത്തമഗീതത്തിൽ എന്റെ പ്രിയേ "കാർമ്മേൽ മലപോലെ നിന്റെ ശിരസ്സ് ഉയർന്നുനില്ക്കുന്നു" (7:5) എന്നതു സൗന്ദര്യവർണ്ണനയുടെ ഭാഗമായി നാം മനസ്സിലാക്കുന്നു. കാർമ്മേൽ ഒരു വിശുദ്ധ മലയാണ്. ഇസ്രായേലിന്റെ ദൈവത്തിന്റെയും ബാൽ ദേവന്റെയും സ്യൂസ് ദേവന്റെയും ഇരിപ്പിടമായി സങ്കല്പിക്കപ്പെട്ടിരിക്കുന്നതിനാലാണ് അതിന് ദിവ്യത്വം ലഭ്യമായത്. ദൈവത്തിന്റെ ശക്തിയും ബാൽദേവന്റെ അശക്തിയും ഈ മലയിൽ പ്രകടമാവുകയുണ്ടായി.

ഇസ്രായേലിലെ കർമ്മെല മലയ്ക്കു വിശുദ്ധിയും പ്രസിദ്ധിയും നല്കിയത് ഏലിയാ, ഏലീശ്വാ എന്ന താപസശ്രേഷ്ഠന്മാരാണ്. തീക്ഷ്ണജീവിതവ്രതക്കാരനായ ഏലിയാ ഇടയ്ക്കിടയ്ക്ക് പർണ്ണശാലയിൽനിന്നും പുറത്തിറങ്ങി നാട്ടിൻ പുറത്തുകൂടി നടക്കുക

സാധാരണമായിരുന്നു. ആ സന്ദർഭങ്ങളിൽ ജനങ്ങൾ നല്കുന്ന ഭക്ഷണം അദ്ദേഹം സ്വീകരിച്ചിരുന്നു. തണ്ണിമത്തങ്ങാനിറഞ്ഞ ഒരു കൃഷിത്തോട്ടത്തിലൂടെ ഏലിയാ നടന്നുപോയപ്പോൾ അവയിലൊരെണ്ണം കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹത്തിന്റെ ഉള്ളിൽ ആഗ്രഹമുദിച്ചു. അതനുസരിച്ച് കൃഷിക്കാരനോട് ഒരെണ്ണം അദ്ദേഹം ചോദിച്ചു. "അവയൊന്നും തണ്ണിമത്തനല്ല, നിലത്തുകിടക്കുന്ന പ്രത്യേക ഇനം കല്ലുകളാണ്" എന്ന് പരിഹാസപൂർവ്വം അയാൾ പറഞ്ഞു. ക്ഷിപ്രകോപിയായ ഏലിയാ ആ തോട്ടത്തെ ശപിച്ചു. അടുത്ത ക്ഷണത്തിൽ ആ തോട്ടത്തിലെ തണ്ണിമത്തങ്ങ തണ്ടിൽ നിന്നും വേർപെടുകയും കല്ലുകളായിത്തീരുകയും ചെയ്തു. കർമ്മേല മലയുടെ താഴ്വാരങ്ങളിൽ ഇപ്പോൾ കാണുന്ന പ്രത്യേക ഇനം ധാതുകല്ലുകൾ ഇങ്ങനെ ഉണ്ടായതാണെന്നു പാരമ്പര്യകഥ. നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും ഇന്നും കർമ്മേല മലയിലെ നിവാസികൾ ഏലിയായുടെ മധുരസ്മരണ പുലർത്തുന്നവരാണ്. ബൈബിളിലെ രാജാക്കന്മാരുടെ പുസ്തകത്തിൽ ഏലിയാ പ്രത്യക്ഷപ്പെടുന്നതും അതുപോലെ അഗ്നിത്തേരിൽ അപ്രത്യക്ഷനാകുന്നതും രഹസ്യാത്മകരീതിയിൽ നടക്കുന്ന കാര്യങ്ങളാണ്.

ഇസ്രായേലിലെ വരൾച്ചക്കാലത്ത് ബാലിന്റെ പുരോഹിതരും ഏലിയായും തമ്മിലുണ്ടായ വാഗ്വാദവും വിജയവും ശ്രദ്ധാർഹമായ സംഭവങ്ങളാണ്. വിഗ്രഹാരാധനയ്ക്കെതിരായുള്ള സത്യദൈവത്തിന്റെ വിജയമായിട്ടാണ് കർമ്മേലയിലെ ബലിപീഠത്തെ പരിഗണിക്കപ്പെട്ടുപോരുന്നത്. ഇസ്രായേലിലെ ജനങ്ങളുടെ ഇടയിലേക്കു സാവധാനം വ്യാപിച്ചുവന്ന വിഗ്രഹാരാധനയും മതസങ്കരവാദവും തടഞ്ഞു നിറുത്തുന്നതിൽ സുപ്രധാനമായ ഒരു ഭാഗം കാർമ്മേലിനുണ്ടായിരുന്നു.

കർമ്മേലയിൽ "ഏലിയായുടെ ഉറവ" എന്ന പേരിലറിയപ്പെടുന്ന സ്ഥലത്തിനു സമീപം അനേകം സന്ന്യാസികൾ കുടിൽകെട്ടി വസിച്ചിരുന്നു. നൂറ്റാണ്ടുകളായി സന്ന്യാസികൾ താമസിച്ചിരുന്ന ആ സ്ഥലത്തുള്ളവർ സന്ന്യാസത്തിന്റെ ഉജ്ജ്വലമാതൃകയായ ഏലിയായുടെ പാരമ്പര്യം അവകാശപ്പെട്ടവരായിരുന്നു. അത്തനാസിയൂസ്, ജറോം, കാസിയാൻ എന്നീ താപസരുടെ പാരമ്പര്യം അവകാശപ്പെട്ടിരുന്ന അവർ, ഏലിയായുടെ ജീവിതം ആശ്രമവാസത്തിന്റെ അത്യുജ്ജ്വല മാതൃകയായി ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട് ഏലിയായുടെ ജീവിതാനുകരണം കർമ്മേലീത്താ ആദർശങ്ങളുടെ ശരിയായ രീതിയായി കാണക്കാക്കപ്പെട്ടുമിരുന്നു.

## സന്ന്യാസസമൂഹങ്ങൾ

നാലാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനുമിടയ്ക്ക് ബൈസ ന്റൈൻ സന്ന്യാസസമൂഹത്തിന്റെ ആശ്രമങ്ങൾ കർമ്മെല മലയിൽ സ്ഥാപിക്കയുണ്ടായി. വിശുദ്ധനാട്ടിൽ സന്ന്യാസസ്ഥാപനങ്ങൾക്കു സെന്റ് കരിത്തോൻ, ഹില്ലാര്യോൻ എന്നിവർ ഉത്തേജനം കൊടു ത്തുവെന്നാണ് കണക്കാക്കപ്പെടുന്നത്. ഇക്കോണിയം എന്ന സ്ഥലത്തു ജനിച്ച സെന്റ് കരിത്തോൻ തീർത്ഥാടനാർത്ഥം 275-ൽ ജറുസലേമിൽ വരികയും പട്ടണത്തിന്റെ വടക്കുഭാഗത്ത് ഒരു ആശ്രമം സ്ഥാപിക്കയും ചെയ്തു. അനേകർ അദ്ദേഹത്തിന്റെ ശിഷ്യ രായി ആശ്രമത്തിൽ താമസമാക്കി.

ഗാസായിൽ ജനിച്ച ഹില്ലാര്യോൻ ഈജിപ്തിൽ ചെന്നു സന്ന്യാസത്തിന്റെ ബാലപാഠങ്ങൾ പഠിക്കയും 311-ൽ ജന്മസ്ഥലത്ത് ഒരു ആശ്രമം ആരംഭിക്കുകയും ചെയ്തു. അനുയായികളാൽ സമ്പ ന്നമായിരുന്നു അദ്ദേഹത്തിന്റെ ആശ്രമവും. ഇക്കാലഘട്ടത്തിൽ കർമ്മെലയിലേക്കും സന്ന്യാസ വ്യാപനമുണ്ടായി. 614-ൽ ഉണ്ടായ പേർഷ്യാക്കാരുടെ ആക്രമണം കാർമ്മെലിലെ ക്രൈസ്തവരെ ഭീതി പ്പെടുത്തുകയും സന്ന്യാസത്തെ ശിഥിലമാക്കുകയും ചെയ്തു.

സന്ന്യാസികൾ അടുത്തടുത്തുനിർമ്മിച്ചിട്ടുള്ള വ്യത്യസ്ത ആശ്രമങ്ങളിൽ വസിക്കയും അവരിൽ പ്രധാനിയായ വ്യക്തിയെ ആദരിക്കയും ചെയ്തിരുന്നു. ഏകാന്തതയിലും പ്രാർത്ഥനയിലും മൗനത്തിലും ഓരോരുത്തരും സമയം ചെലവഴിച്ചിരുന്നു. ശനി, ഞായർ ദിവസങ്ങളിൽ സന്ന്യാസികൾ ഒന്നിച്ചുകൂടുകയും പ്രാർത്ഥ നകളും ദിവ്യബലിയും ഒരുമിച്ചു നടത്തുകയും ചെയ്തിരുന്നു. ആ അവസരങ്ങളിലാണ് സന്ന്യാസാധിപൻ ഉപദേശങ്ങൾ പറയുകയും പൊതു നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിരുന്നത്.

സെന്റ് ഏലിശ്വായുടെ നാമത്തിൽ ഒരാശ്രമം കാർമ്മെലിലു ണ്ടായിരുന്നതായി ആറാം നൂറ്റാണ്ടിലെ ഒരു വിശുദ്ധസ്ഥല സന്ദർശ കൻ രേഖപ്പെടുത്തിയിട്ടുണ്ട്. ഇന്ന് അവിടവിടെയായി ദൃശ്യമാകുന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾ മുൻകാല സന്ന്യാസാശ്രമങ്ങളുടെ ഭാഗങ്ങളാണ്. ഹെലനാരാജ്ഞി ഏലിയായുടെ നാമത്തിൽ കർമ്മെല മലയിൽ ഒരാശ്രമം നിർമ്മിച്ചതായി പാരമ്പര്യം സിദ്ധാ ന്തിക്കുന്നു. പന്ത്രണ്ടാം നൂറ്റാണ്ടിൽ യവന സന്ന്യാസികളും സിറി യായിൽനിന്നുള്ളവരും അവിടെ വസിച്ചിരുന്നതായി രേഖകളിൽ

കാണുന്നു. സെന്റ് മാർഗരിറ്റിന്റെയും, സെന്റ് മരീനായുടെയും നാമത്തിലും സ്ഥാപനങ്ങളുണ്ടായിരുന്നു. 1175-ൽ ജോൺ പോക്കാസ് എന്ന തീർത്ഥാടകൻ ഏലീയായുടെ ആശ്രമത്തിൽ വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കുരിശുയുദ്ധകാലത്തു ജറുസലേമിലേക്കുള്ള യാത്രയിലെ ഒരു മുഖ്യവഴി കർമ്മേലയുടെ താഴ്വാരങ്ങളിൽകൂടെ ഉള്ളതായിരുന്നു. ഇങ്ങനെ ഒരു വഴി അവർ സ്വീകരിച്ചത്, അവിടെ താമസിച്ചു താപസജീവിതം നയിക്കുന്നവരെ കാണുന്നതിനുംകൂടിയായിരുന്നു. കുരിശുയുദ്ധകാലത്തു വിവിധസമൂഹങ്ങളിലായി ധാരാളം സന്ന്യാസികൾ കർമ്മേലയിൽ വസിച്ചിരുന്നു. ഈജിപ്തിലെ മണലാരണ്യസന്ന്യാസത്തിനൊപ്പം കർമ്മേലിലും ആശ്രമജീവിതം ആരംഭിച്ചിരുന്നു.

കർമ്മേലയിൽനിന്നും യൂറോപ്പിലേക്കുള്ള സന്ന്യാസികളുടെ പലായനത്തിനു കാരണം മുസ്ലീം അധിനിവേശമാണ്. ഈജിപ്തിൽനിന്നും മറ്റു പ്രദേശങ്ങളിൽനിന്നും വന്ന മുസ്ലീമുകൾ വിശുദ്ധനാടും പരിസരങ്ങളും പിടിച്ചെടുക്കുകയും ക്രൈസ്തവരെ പുറത്താക്കുകയും ചെയ്തു.

## കർമ്മെലീത്താസഭയുടെ വേരുകൾ

1215-ൽ കൂടിയ ലാറ്ററൻ കൗൺസിലിലും 1274-ൽ കൂടിയ രണ്ടാം ലിയോൺസ് കൗൺസിലിലും വിവിധപേരുകളിൽ ഓരോരുത്തർ സ്ഥാപിച്ച സന്ന്യാസ സഭകളെപ്പറ്റി പഠിക്കുകയും നിയന്ത്രിക്കയും ചെയ്തു. സഭകൾ ആരു സ്ഥാപിച്ചു, അവയുടെ നിയമങ്ങൾ ഏവ, എന്നിവയെപ്പറ്റി അന്വേഷണം വന്നപ്പോൾ ഓരോ സന്ന്യാസസഭക്കാരും അവരുടെ സ്ഥാപകപിതാക്കളിലേക്കു തിരിഞ്ഞു. ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ തുടങ്ങിയ സന്ന്യാസസഭകൾക്ക് സ്ഥാപകനെയും നിയമസംഹിതകളെയും എടുത്തുകാണിക്കാനുണ്ടായിരുന്നു. ആ നിലയ്ക്ക് കർമ്മെലീത്താ സഭയും വേരുകൾ അന്വേഷിച്ചു ചെന്നപ്പോൾ, 1281-ൽ ലഭ്യമായ അടിസ്ഥാന പ്രമാണത്തിലേക്കു ചെന്നു. ജറുസലേം പാത്രിയർക്കീസായ ആൽബർട്ടു നല്കിയതും ഹൊണോരിയൂസ് പാപ്പാ അംഗീകരിച്ചതുമായ പ്രമാണസംഹിതയ്ക്കും ജീവിതക്രമത്തിനും പ്രേരകശക്തിയായിനിന്നത് ഏലിയായുടെ തീക്ഷ്ണതയേറിയ ജീവിതമായിരുന്നു. അങ്ങനെയാണ് കർമ്മെലീത്താ സഭയുടെ സ്ഥാപകനെന്നോ, ഉത്തേജകശക്തി

യെന്നോ ഏലിയായെ വിളിക്കുവാനിടയായത്. മുസ്ലീമുകളുടെ ആക്രമണവും ആധിപത്യവും മൂലം യൂറോപ്പിലെക്കു സന്ന്യാസികൾ പലായനം ചെയ്തുവെങ്കിലും ചെന്ന സ്ഥലങ്ങളിലെല്ലാം സന്ന്യാസത്തിന്റെ ചെറുചെടികൾ അവർ നട്ടു. അചിരേണ അവയെല്ലാം വളർന്നു യൂറോപ്പിൽ ശക്തി പ്രാപിച്ചു. പാശ്ചാത്യ രാജ്യങ്ങളിൽ സന്ന്യാസസഭ ഉണ്ടാകുന്നതിന് ഇതു കാരണമായി.

നാലാം നൂറ്റാണ്ടായപ്പോഴാണ് ക്രൈസ്തവർക്ക് സ്വന്തം പേരിൽ നില്ക്കാനുള്ള അവകാശം ലഭിച്ചതും സ്വാതന്ത്ര്യം ഉണ്ടായതും. അത്രയുംനാൾ ഭയന്നും ഒളിച്ചുമാണ് അവർ കഴിഞ്ഞത്. ജീവിതസ്വാതന്ത്ര്യം ലഭിച്ചതോടുകൂടി ക്രിസ്തുവിന്റെയും വിശുദ്ധരുടെയും വാസംകൊണ്ടും പ്രവൃത്തികൊണ്ടും പവിത്രമാക്കപ്പെട്ട സ്ഥലങ്ങൾ കണ്ടുപിടിക്കാനും നിർണ്ണയിക്കാനുമുള്ള ശ്രമങ്ങൾ നടന്നു. വിശുദ്ധസ്ഥലങ്ങൾ എന്നു നാം ഇന്നു വിവക്ഷിക്കുന്ന പ്രദേശങ്ങളുടെ സ്ഥിരപ്പെടുത്തൽ ആവശ്യമായിവന്നു. കർമ്മെലയിലെ ഏലിയായുടെ ജീവിതകാലവും പ്രവർത്തന സ്ഥലങ്ങളും കണ്ടു പിടിക്കുവാൻ പലരും പരിശ്രമിച്ചു. ഈ മലയിലെ രണ്ടു സ്ഥലങ്ങളിൽ തീർത്ഥാടകർ വന്നു പ്രാർത്ഥിക്കയും ഏലിയായുടെ താമസസ്ഥലമായി കരുതുകയും ചെയ്തിരുന്നു. മലയുടെ അടിവാരത്തുള്ള ഒരു ഗുഹയും നിരപ്പായ മറ്റൊരുസ്ഥലവും ഏലിയായുടെ പ്രവർത്തനസ്ഥലമായി പരിഗണിച്ചിരുന്നു.

മലയുടെ അടിവാരത്തുള്ള ഗുഹ "പ്രവാചകന്റെ സ്കൂൾ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ആദ്യകാലത്ത് അവിടെ കുറേ സന്ന്യാസികൾ ആശ്രമങ്ങൾ നിർമ്മിച്ചു താമസിച്ചിരുന്നു. 614-മാണ്ട് പേർഷ്യാക്കാർ നടത്തിയ ആക്രമണത്തോടുകൂടി അതു നശിപ്പിക്കപ്പെട്ടു. പിന്നീട് കാലാബ്രിയാക്കാരനായ ഒരു സന്ന്യാസി ആശ്രമജീവിതത്തിനു തുടക്കമിട്ടെങ്കിലും 1291-ൽ അതും നശിപ്പിക്കപ്പെട്ടു. അന്നുമുതൽ ഏലിയായുടെ ഗുഹ യഹൂദരുടെയും മുസ്ലീമുകളുടെയും ക്രിസ്ത്യാനികളുടെയും തീർത്ഥാടനകേന്ദ്രമായിത്തീർന്നു.

മദ്ധ്യമയുഗങ്ങളിൽ യൂറോപ്പിൽ നിന്നും തീർത്ഥാടകരായി എത്തിയിരുന്നവരെല്ലാം ഏലിയായുടെ ഗുഹ സന്ദർശിച്ചിരുന്നു. മദ്ധ്യധരണിയാഴിയിലേക്കുള്ള കുന്നിന്റെ ചെരിവിലാണ് ഈ ഗുഹ ദൃശ്യമാകുന്നത്. എമിർ അഹമ്മദിന്റെ അനുവാദത്തോടെ 1631-ൽ ഒരാശ്രമം ഇവിടെ നിർമ്മിച്ചപ്പോഴും അത് ഏലിയായുടെ ഗുഹക്കടുത്തായിരിക്കുവാൻ ശ്രദ്ധിക്കയുണ്ടായി. ഈ ഗുഹയിൽ ശിഷ്യരെ

വിളിച്ചുകൂട്ടി നിർദ്ദേശങ്ങൾ നല്കിയിരുന്നതുകൊണ്ട് അതിന് "ഏലിയായുടെ സ്കൂൾ" എന്ന പേരു ലഭിക്കാനിടയായി. ബി. സി. 926-ലാണ് ഏലിയാ ജീവിച്ചിരുന്നതെന്നാണ് അനുമാനം. പുരുഷന്മാരുടെ ഒരു സന്ന്യാസസഭ സ്ഥാപിക്കുവാൻ ദൈവത്തിൽനിന്നും പ്രത്യേക നിർദ്ദേശം ഏലിയായ്ക്കു ലഭിച്ചിരുന്നുവെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. ഏതായാലും സ്വപ്രവർത്തനങ്ങളുടെ കേന്ദ്രമായി കർമ്മെല അദ്ദേഹം തെരഞ്ഞെടുത്തിരുന്നുവെന്നു പറയുന്നതിൽ പക്ഷാന്തരമില്ല.

## ഏലിയായും മരിയഭക്തിയും

മദ്ധ്യധരണിയാഴിയിൽനിന്നും ഒരു മേഘം ഉയർന്നുപൊങ്ങി കർമ്മെലയെ നനപ്പിച്ചു ഫലപുഷ്ടമാക്കുന്നതായി ഏലിയാ കാണുകയുണ്ടായി. ഈ ദർശനത്തിലൂടെ കന്യകാമറിയത്തിന്റെ അമലോത്ഭവ ജനനം അദ്ദേഹത്തിനു വെളിപ്പെടുത്തുകയും കന്യത്വത്തിന്റെയും, മാതൃത്വത്തിന്റെയും, മറിയത്തിന്റെ പ്രാർത്ഥനവഴി ലഭ്യമാകുന്ന വരപ്രസാദത്തിന്റെയും രഹസ്യങ്ങൾ അദ്ദേഹത്തിനു വെളിപ്പെടുത്തുകയും ചെയ്തു. ഇതുവഴിയായി ഏലിയാ അദ്ദേഹത്തിന്റെ സന്ന്യാസസമൂഹത്തെ മാതാവിനു പ്രതിഷ്ഠിച്ചു. ഇതോടനുബന്ധിച്ച് അനേകം ഐതിഹ്യങ്ങൾ അവിടെ പ്രചാരത്തിലായി.

മറിയത്തിന്റെ മലയാണ് കർമ്മെൽ. സഭാപിതാക്കന്മാർ, ആദ്ധ്യാത്മികാചാര്യന്മാർ എന്നിവർ പുകഴ്ത്തിയെഴുതിയിട്ടുള്ള കർമ്മെല മല, മതവിഭാഗങ്ങളുടെ തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായി ശോഭിക്കുന്നു. കുരിശുയുദ്ധകാലം മുതൽ ഈ മല തപസ്സിന്റേയും പ്രാർത്ഥനയുടെയും വേദിയായി പരിഗണിക്കപ്പെടുന്നു.

1883-ൽ കർമ്മെലീത്താ സന്ന്യാസസഭക്കാർ ഏലിയായുടെ സ്മരണ നിലനിറുത്താൻ കർമ്മെല മലയിൽ ഒരു ചാപ്പൽ നിർമ്മിക്കയുണ്ടായി. ഇത് പരമ്പരാഗതമായ ധാരണയനുസരിച്ചുള്ള ഏലിയായുടെ ബലിപീഠത്തിന്റെ സ്ഥാനത്തുതന്നെയാണ് നിർമ്മിച്ചതും. ഹയ്ഫായിൽനിന്നും നാലു കിലോ മീറ്റർ അകലെ മൂന്നാം കുരിശുയുദ്ധത്തിനുശേഷം ഒരു കർമ്മെലീത്താ ആശ്രമവും സ്ഥാപിക്കയുണ്ടായി.

യുദ്ധം, കലാപങ്ങൾ മുതലായവകൊണ്ടു കർമ്മെലയിലെ ക്രൈസ്തവാശ്രമങ്ങൾ പല പ്രാവശ്യം നശിപ്പിക്കപ്പെടുകയും അന്തേവാസികൾ പുറത്താക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മദ്ധ്യപൗ

രസ്ത്യപ്രദേശങ്ങൾ മുഴുവൻ പിടിച്ചടക്കി വലിയ സാമ്രാജ്യം സ്ഥാപിക്കണമെന്ന മുസ്ലീംരാജാക്കന്മാരുടെ മോഹം കർമ്മെലയിൽ ഏല്പിച്ച ആഘാതം കുറച്ചൊന്നുമല്ല. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളുടെ ഭീകരതാണ്ഡവങ്ങൾക്കും വിശുദ്ധനാടുകൾ വിധേയമായിട്ടുണ്ട്. ഇന്ന് ഇസ്രായേലിൽ ക്രൈസ്തവ സാന്നിദ്ധ്യം വളരെ പരിമിതമാണ്. ഹയ്ഫായിലും സമീപസ്ഥലങ്ങളിലുമായി ഏതാനും കർമ്മെലീത്താ ആശ്രമങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ബത്‌ലഹം, നസ്രത്ത്, ജറുസലേം, ഇസ്ഫിയാ, ഹയ്ഫാ എന്നീ സ്ഥലങ്ങളിൽ ക്രൈസ്തവാശ്രമങ്ങളും ചുരുങ്ങിയ സംഖ്യയിലാണെങ്കിലും വിശ്വാസികളുടെ സാന്നിദ്ധ്യവും ഉണ്ട്. ദീർഘകാലത്തെ യുദ്ധവും ക്രൈസ്തവസഭാ വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങളും വിശുദ്ധനാട്ടിലുള്ള ക്രൈസ്തവസാന്നിദ്ധ്യത്തിന് വിഘാതമായിത്തീർന്നു.

കർമ്മെലീത്താ സഭയോട് മരിയഭക്തി ചൈതന്യം ബന്ധപ്പെടുത്തുന്നതിനുള്ള പഠനങ്ങൾ നടത്തിയതു ജോൺ ബേക്കൺ തോർപ്പ് എന്ന സന്ന്യാസിയാണ്. പതിമൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഈ ശ്രമങ്ങൾ നടത്തിയത്. ഐസയാസിന്റെ പുസ്തകത്തിൽ കാണുന്ന രണ്ടു പ്രസ്താവനകളാണ് അതിന് ഉപോദ്ബലകമായത്. "ഒരു കന്യക ഗർഭം ധരിച്ചു പുത്രനെ പ്രസവിക്കും" (7:14). "വിജന പ്രദേശങ്ങളും വരണ്ടദേശവും സന്തോഷിക്കും. മരുഭൂമി ആനന്ദിക്കയും പുഷ്പിക്കയും ചെയ്യും. കുങ്കുമച്ചെടിപോലെ സമൃദ്ധമായി പൂവിട്ട് അതു ഉല്ലസിക്കും. ലെബനോന്റെ മഹത്ത്വവും കർമ്മെലിന്റെയും ഷാരോന്റെയും പ്രതാപവും അതിനു ലഭിക്കും" (35:1). ജറുസലേം പട്ടണത്തെപ്പറ്റിയുള്ള ഒരു വർണ്ണനയായി തോന്നുമെങ്കിലും ആദ്ധ്യാത്മിക ജ്ഞാനികളിൽ നല്ലൊരു ഭാഗം കാർമ്മെലിന്റെ അലങ്കാരമായ കന്യകാമേരിയെയാണ് ഈ ബൈബിൾ വാചകങ്ങൾ വ്യംഗ്യമായി സൂചിപ്പിക്കുന്നതെന്നു പറയുന്നു. ഈശോയുടെ അമ്മയായ മറിയത്തെ മനസ്സിൽ ധ്യാനിച്ചാണു കാർമ്മെലയിലെ പ്രവർത്തനങ്ങളിൽ ദീർഘദർശികളും രാജാക്കന്മാരും സേവനം ചെയ്തിരുന്നതെന്നു സിദ്ധാന്തിക്കുന്നവരുണ്ട്. മറിയത്തിന്റെ സുതനായ ക്രിസ്തുവിന്റെ പ്രതിനിധികളായാണ് ഏലിയായും ഏലീശായും കർമ്മെലയിൽ ജീവിച്ചിരുന്നതെന്നും സിദ്ധാന്തിക്കുന്നവരുണ്ട്. മനുഷ്യാവതാരം ചെയ്യാനിരിക്കുന്ന ക്രിസ്തുവിന്റെ കന്യകയായ അമ്മയോടുള്ള ഭക്തിയിൽ മുഴുകി ഏലിയാ തപസ്സനുഷ്ഠി

ച്ചിരുന്നുവെന്ന നിഗമനത്തെ ആശ്രയിച്ചാണ് കർമ്മെല മാതാവിനോടുള്ള ഭക്തിയുടെ അടിസ്ഥാനമായി കണ്ടെത്തുന്നത്.

പൂർവ്വാചാര്യനായ അഹറോന്റെ വംശാവലിയിൽ പെട്ടവരാണ് ഏലിയായും കന്യകാമറിയവുമെന്നൊരു വാദഗതിയുണ്ട്. കഠിനമായ തപസ്സും ബ്രഹ്മചര്യ നിഷ്ഠയും പാലിച്ചു കർമ്മെലയിൽ ഏലിയാ കഴിഞ്ഞു. നൂറ്റാണ്ടുകൾക്കുശേഷം കന്യാത്വവ്രതം അഭംഗുരം ശീലിച്ചു ദൈവത്തിനു സമ്പൂർണ്ണമായി പ്രതിഷ്ഠിക്കപ്പെട്ടവളായി മറിയം നസ്രസിലും ജീവിച്ചു. കർമ്മെലമലയുടെ കിഴക്കുഭാഗത്ത് അധികം അകലത്തിലല്ലാത്ത ഒരു പ്രദേശമായിരുന്നല്ലോ നസ്രസ്. പില്ക്കാലത്ത് ഏലിയായുടെ അരുവിയുടെ സമീപം മാതാവിന്റെ നാമത്തിൽ ഒരു ദൈവാലയം നിർമ്മിക്കയുണ്ടായി. സകല സന്ന്യാസികളുടെയും ആദർശപുരുഷനും സമർപ്പണ പ്രണേതാവുമായി ഏലിയായെ ആദരിക്കുന്നതിന് അത് കാരണമായി. 1727-ൽ വത്തിക്കാനിലെ ബസ്ലിക്കായിൽ സർവ്വ കർമ്മെലീത്താ സഭകളുടെയും സ്ഥാപകപിതാവായി ഏലിയായെ അംഗീകരിച്ച് ഒരു മാർബിൾ പ്രതിമ സ്ഥാപിക്കയുണ്ടായി.

കന്യകാമറിയത്തെ നാഥയായും മദ്ധ്യസ്ഥയായുമൊക്കെയാണു സന്ന്യാസസഭാംഗങ്ങൾ കരുതിപ്പോന്നത്. എന്നാൽ കുറേക്കൂടി യുക്തിസഹവും ദൈവശാസ്ത്രസമ്പന്നവുമായ വീക്ഷണം മറിയത്തെ മാതാവായി കണക്കാക്കുകയാണെന്നു തോന്നി. ഓരോ സന്ന്യാസിയുടെയും മാതാവ് എന്നതുപോലെ സന്ന്യാസസമൂഹത്തിന്റെ മൊത്തത്തിലുള്ള മാതാവായും മറിയത്തെ പരിഗണിക്കുന്നു. അങ്ങനെയാണ് കർമ്മെലയുടെ മാതാവ് എന്ന അഭിധാനം മറിയത്തിനുണ്ടായത്. ഈ വസ്തുത നാലാം സിക്സ്തൂസ് പാപ്പാ ഔദ്യോഗികമായി അംഗീകരിച്ചു പ്രഖ്യാപിക്കുയും ചെയ്തു.

ആധുനിക മരിയൻ ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുമ്പോൾ മറിയം സഭയുടെ ഉജ്ജ്വല പുത്രിയും ദൈവത്താൽ രക്ഷിക്കപ്പെട്ടവളുമാണ്. ദൈവമാതാവ് എന്ന പദവി വഴി മറിയത്തിനു സംലഭ്യമായതാണ് ആദ്ധ്യാത്മിക നേട്ടങ്ങൾ എല്ലാം. മറിയം ഒരു വിശ്വാസിനിയും എല്ലാവരുടെയും മുൻപന്തിയിൽ നില്ക്കുന്നവളുമാണ്. അതുകൊണ്ടാണ് വിശ്വാസത്തിൽ നമുക്കെല്ലാവർക്കുമുള്ള ഒരു സഹോദരിയായി മറിയത്തെ വീക്ഷിക്കുന്നത്. മറിയത്തിന്റെ ഉന്നതമായ മാതൃക ആരെയും ആകർഷിക്കുന്നതാണ്.

മറിയത്തോടുള്ള സന്ന്യാസികളുടെ മനോഭാവം രാജ്ഞി, സംരക്ഷക, മദ്ധ്യസ്ഥ എന്നതിനേക്കാൾ അമ്മ എന്നതായിരിക്കണം. രാജ്ഞി എന്നതിനേക്കാൾ അമ്മയെന്ന പേരിൽ മറിയത്തോടു സമ്പർക്കം പുലർത്താനാണ് ലിസ്യൂവിലെ കൊച്ചുത്രേസ്യാ താത്പര്യം കാണിച്ചത്.

## കർമ്മെലയുടെ പണ്ഡിതപുത്രി

കർമ്മെലീത്താ വിശുദ്ധരിൽ മുൻപന്തിയിൽ നില്ക്കുന്ന ആളാണ് ആവിലായിലെ ത്രേസ്യാ. കർമ്മെലമലയിൽ രൂപമെടുത്ത സന്ന്യാസ ചൈതന്യത്തെപ്പറ്റി അത്യന്തം ആദരവോടും അഭിമാനത്തോടും കൂടെയാണ് ത്രേസ്യാ പ്രതിപാദിക്കുന്നത്. ആഭ്യന്തര ഹർമ്മ്യം എന്ന ഗ്രന്ഥത്തിന്റെ അഞ്ചാംഭാഗത്ത് കർമ്മെലയുടെ ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവുമായ മേഖലകളെപ്പറ്റിയാണ് പറയുന്നത്. കർമ്മെലസഭാവസ്ത്രം ധരിക്കുന്നവർ പ്രാർത്ഥനയിലും അനുധ്യാനത്തിലും തത്പരരും നിഷ്ഠയുള്ളവരുമായിരിക്കണമെന്നു സൂചിപ്പിച്ചു. ഏകാന്തത, ഭൗതികവസ്തുക്കളോടുള്ള വിരക്തി, സ്വർഗ്ഗീയ സമ്പത്തിനോടുള്ള ആസക്തി എന്നിവയാണ് കർമ്മെലയുടെ ചൈതന്യം.

സന്ന്യാസ ജീവിതത്തിന്റെ മാതൃക കർമ്മെലയിലാണ്. എല്ലാ പാരമ്പര്യങ്ങളും മാതൃകകളും അവിടെ ലഭ്യമാണ്. ജീവിതസുഖങ്ങളോടു നിസ്സംഗതപുലർത്തി ആദ്ധ്യാത്മികതയിൽ ശ്രദ്ധചെലുത്തിയാണു കർമ്മെല നേതൃത്വം നല്കുന്നത്. "സുകൃതസരണി" എന്ന മറ്റൊരു ഗ്രന്ഥത്തിൽ കർമ്മെലയിലെ വിശുദ്ധ പിതാക്കന്മാരുടെ താപസവഴികൾ അനുകരിക്കാൻ ത്രേസ്യാ ഉപദേശിക്കുന്നുണ്ട്.

ഓരോ സന്ന്യാസഭവനത്തിലും ചില പ്രാർത്ഥനാകൂടാരങ്ങൾ ഉണ്ടായിരിക്കണമെന്നും, ദൈവത്തോട് ദിവ്യസമ്പർക്കത്തിലേർപ്പെടാൻ അവയെ പ്രയോജനപ്പെടുത്തണമെന്നും ത്രേസ്യാ ഉപദേശിക്കുന്നുണ്ട്. കർമ്മെലയുടെ പാരമ്പര്യത്തിലൂന്നിയാണ് ഈ നിർദ്ദേശങ്ങളെല്ലാം നല്കിയിരിക്കുന്നത്. കർമ്മെലയിൽനിന്നും ലഭ്യമായ ആദ്ധ്യാത്മിക പൈതൃകം അടുത്ത തലമുറയിലേക്കു കൈമാറുകയെന്ന തീക്ഷ്ണശ്രമത്തിൽ ത്രേസ്യാ ഏർപ്പെടുകയുണ്ടായി.

## കർമ്മെലയിലെ താപസൻ

താപസവേദിയിൽ പാദമുദ്ര പതിപ്പിച്ച കുരിശിന്റെ യോഹന്നാന്റെ വിശിഷ്ട കൃതികളിലൊന്നിന്റെ പേര് "കർമ്മെല മല

കയറ്റം" എന്നാണ്. കർമ്മേലയിലെ മലകളൊന്നിന്റെ മുകളിലേക്കു സാധകൻ നടന്നുകയറുന്ന കാര്യമോ രീതിയോ അല്ല ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നത്. അദ്ധ്യാത്മികതയുടെ അത്യുന്നത മേഖലകളിലേക്കുള്ള നീക്കമാണ് യോഹന്നാനെ സംബന്ധിച്ചിടത്തോളം മലകയറ്റം. അതിന്റെ വിവിധപടികൾ ഓരോന്നും വിവരിച്ചു വിശദമാക്കുവാൻ അദ്ദേഹം ശ്രദ്ധിക്കുന്നുണ്ട്.

ദൈവികസമ്പർക്കം സാധിക്കാനുള്ള മാർഗ്ഗങ്ങളെ മലകയറ്റത്തിന്റെ രൂപത്തിൽ വിഭാവനം ചെയ്തു വഴികൾ കാണിച്ചെഴുതിയിരിക്കയാണ്. ഗിരിശൃംഗത്തിലെത്തിയ വ്യക്തി ദൈവവുമായുള്ള ആത്മസമ്പർക്കം സാധിച്ചിരിക്കും. ആത്മാവിന്റെ ഇരുണ്ട രാത്രിയെപ്പറ്റിയുള്ള വിവരണങ്ങളിലും മലകയറ്റത്തിന്റെ പ്രതീകം പരാമർശ വിഷയമാകുന്നു. പ്രാർത്ഥനയുടെ ഉയർന്ന മേഖലകളിലേക്കുള്ള നീക്കം ഒരു ഗോവണിയുടെ പടികൾ കയറുന്നതിനു തുല്യമെന്നു രൂപണം ചെയ്തെഴുതിയിരിക്കുന്നു. വീതി കുറഞ്ഞതും കുത്തനെയുള്ളതുമായ പടികളിലൂടെ കയറേണ്ടതായിവരും. ഒരാളുടെ പ്രാർത്ഥനാനുഭവം പോലെയയല്ല, മറ്റൊരാളുടേത്. ഏലിയാ വിവരിക്കുന്ന ഹൊറീബുമലയിലെ ദൈവാനുഭവത്തിന്റെ സമാനതയാണു കർമ്മേലയിലും ഉണ്ടാവുക.

കർമ്മേല മലയെപ്പറ്റി ഭൂമിശാസ്ത്രബന്ധമില്ലാത്ത ഒരു ആദ്ധ്യാത്മിക പ്ലാൻ വരയ്ക്കുകയും അതിന് ആദ്ധ്യാത്മികപടികൾ നിശ്ചയിക്കയും ചെയ്തു. കർമ്മേലമലയുടെ രൂപം ഹൃയത്തിലദ്ദേഹം നിർമ്മിച്ചു. കർമ്മേല മലകയറ്റം ഒരു കായികപ്രവൃത്തിയല്ല; ഒരാദ്ധ്യാത്മികഭ്യാസമാണ്. ക്രിസ്തുവിന്റെ കുരിശിന്റെ വഴിയിലൂടെ ദൈവത്തിന്റെ മഹത്ത്വത്തിലേക്കു പ്രവേശിക്കുക. മലയുടെ ഉച്ചിയിലെത്തുമ്പോൾ ദൈവൈക്യത്തിലെത്തിച്ചേരുന്നു. ജർമ്മൻ മിസ്റ്റിക്കുകളിൽ ഒരാളായ ഹെൻറി സൂസോ ആദ്ധ്യാത്മിക മുന്നേറ്റത്തെ മലകയറ്റത്തോട് ഉപമിക്കയുണ്ടായി. കുത്തനെയുള്ള കയറ്റങ്ങളും തെറ്റിവീഴാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളും ഈ മലകയറ്റത്തിലുണ്ടെന്നും സൂസോയും ചൂണ്ടിക്കാണിക്കുന്നുണ്ട്.

## സി. എം. ഐ. സഭയിലെ കർമ്മേല ചൈതന്യം

സീറോമലബാർ സഭയിലെ ആദ്യത്തെ സന്ന്യാസസമൂഹമായ സി. എം. ഐ. സഭയുടെ സ്ഥാപക പിതാക്കന്മാർ മൂന്നുപേരാണെങ്കിലും, അതിൽ കാനോനികാംഗത്വം സ്വീകരിക്കാനുള്ള ജീവിതം

ദൈർഘ്യം ചാവറപ്പിതാവിനു മാത്രമേ ലഭിച്ചുള്ളു. ഒരു സന്ന്യാസ സഭ സ്ഥാപിക്കണമെന്ന ആശയം ഉള്ളിൽ ഉദിച്ച മൂന്നുപേർക്കും ഡൊമിനിക്കൻ സന്ന്യാസസമൂഹത്തിന്റെ രൂപഭാവങ്ങൾ ഉള്ള ഒന്നായിരിക്കണമെന്നായിരുന്നു ചിന്ത. ഏതായാലും സന്ന്യാസസഭ കാനോനികമായി രൂപപ്പെട്ടുവന്നപ്പോൾ ചാവറപ്പിതാവിന് അതിന്റെ ജീവിത പ്രമാണരേഖയുടെയും ചൈതന്യനിർണ്ണയത്തിന്റെയും ചുമതലകൂടി ഏറ്റെടുക്കേണ്ടിവന്നു.

മാന്നാനത്തെ സ്വദേശി സന്ന്യാസസമൂഹത്തെ കർമ്മെലീത്താ നിഷ്പാദുക മൂന്നാം സഭയാക്കണ (ക. നി. മൂ. സ) മെന്ന നിർബ്ബന്ധബുദ്ധി "മൂപ്പച്ചന്മാർ" എന്ന മോഹനപേരിലറിയപ്പെട്ടിരുന്ന വിദേശമിഷനറിമാർക്കുണ്ടായിരുന്നു. ഇതിനു മുന്നോടിയായി ചില പുതിയ നിയമങ്ങൾ 1860 മേടമാസം 3-ന് മാന്നാനം ആശ്രമത്തിൽ വിസീത്ത നടത്തിയശേഷം മിഷനറി അപ്പസ്തോലിക്കായായ മാർസലിനോസ് നല്കുകയുണ്ടായി. ഒൻപതുനിയമങ്ങളുടെ ഒരു പട്ടികയാണ് അദ്ദേഹം നല്കിയത്.

കർമ്മെലീത്താ സഭയുടെ റോമിലുള്ള ഒ. സി. ഡി. പ്രയോർ ജനറാൾ 1860 തുലാമാസം 1-ന് ആലോചനായോഗംകൂടി അമലോത്ഭവ കർമ്മെല മാതാവിന്റെ ശുശ്രൂഷികളായ സന്ന്യാസസഭാംഗങ്ങളെ അവരുടെ മൂന്നാം സഭാംഗങ്ങളായി നിശ്ചയിച്ചു. അക്കാര്യം അറിയിച്ചുകൊണ്ടും, ആഗോള കർമ്മെലീത്താ സഭയ്ക്ക് കത്തോലിക്കാസഭ അനുവദിച്ചിരിക്കുന്ന എല്ലാ ദണ്ഡവിമോചനങ്ങൾക്കും അവർ അർഹരാണെന്ന കാര്യം ഓർമ്മിപ്പിച്ചുകൊണ്ടും വികാരി അപ്പസ്തോലിക്കാ ബർണർദീനോസ് മെത്രാൻ 1861 കുംഭ മാസത്തിൽ ആമ്പല്ലൂർ പള്ളിയിൽനിന്നും എഴുതി അറിയിക്കുകയുണ്ടായി. അങ്ങനെ അധികം പ്രതിബന്ധങ്ങളോ എതിർപ്പുകളോ ഇല്ലാതാക്കി റ്റി. ഒ. സി. ഡി. ക്കാരായി ഈ സന്ന്യാസസഭാംഗങ്ങളെ രൂപാന്തരപ്പെടുത്തി.

എതിർപ്പോ, അസംതൃപ്തിയോ കൂടാതെയാണ് ചാവറ കുര്യാക്കോസച്ചൻ ആ തീരുമാനം സ്വീകരിച്ചത്. ദൈവപരിപാലനയിൽ ഇങ്ങനെ സംഭവിച്ചുവെന്നു വിശ്വസിക്കാനേ പുണ്യാത്മാവായ അദ്ദേഹത്തിനു കഴിഞ്ഞുള്ളു. അതുകൊണ്ടാണ് ഒ. സി. ഡി. സഭയുടെ റോമിലുള്ള ജനറാളിന് 1863 ഡിസംബർ 17-ന് ചാവറയച്ചൻ സ്നേഹപുരസ്സരം ഒരു കത്തയയ്ക്കുവാനിടയായത്. ഒ. സി. ഡി. യോടു ബന്ധപ്പെട്ട ഒരു സന്ന്യാസസഭയാക്കിയതിൽ സന്തോഷവും

സംതൃപ്തിയും രേഖപ്പെടുത്തിയാണ് കത്ത് അയച്ചിരിക്കുന്നത്. കർമ്മെലീത്താ മൂന്നാംസഭാംഗമാക്കിത്തീർത്തത് വ്യാജരീതിയിലാണെന്ന കാര്യം അറിഞ്ഞിരുന്നെങ്കിലും, അതു ദൈവപരിപാലനയുടെ ഭാഗമായി അദ്ദേഹം സ്വീകരിച്ചു.

1869-ൽ ഒന്നാം വത്തിക്കാൻ സൂന്നഹദോസിന്റെ അവസരത്തിൽ റോമിലേക്കു പോയ ലെയോനാർഡ് അച്ചൻവഴി കർമ്മെലീത്താസഭയുടെ പ്രൊക്യുറേറ്റർ ജനറലിന് ചാവറയച്ചനയച്ച കത്തിൽ വിനയാദരവുകളോടെ അദ്ദേഹത്തെ അഭിവാദനം ചെയ്യുന്നുണ്ട്. വിധേയത്വവും അനുസരണ മനസ്ഥിതിയും പ്രകടിപ്പിക്കയും ചെയ്യുന്നു.

കർമ്മെലീത്താസഭയിലെ വിശുദ്ധരും പ്രസിദ്ധരുമായ ആവിലായിലെ ത്രേസ്യാ, കുരിശിന്റെ വി. യോഹന്നാൻ എന്നിവരുടെ ഗ്രന്ഥങ്ങൾ വായിക്കുകയും അവയിൽനിന്നും ആശയങ്ങൾ സ്വന്തം ഗ്രന്ഥങ്ങളിലും ധ്യാനസല്ലാപങ്ങളിലും ചേർക്കയും ചെയ്യുന്നതിൽ ചാവറയച്ചൻ ജാഗ്രത കാണിച്ചിരുന്നു. ഇത് കർമ്മെല ചൈതന്യധാരണയോടുള്ള പ്രതിപത്തികൊണ്ടുതന്നെയായിരുന്നു. ആദ്ധ്യാത്മിക ഗുരുനാഥയും പിതാവും എന്ന നിലയിലുള്ള മാനസിക ബോധത്തോടെയാണ് അവരെ വീക്ഷിച്ചതും.

പ്രത്യേക അഭ്യർത്ഥന കൂടാതെയാണ് കർമ്മെലീത്താ സഭയിലേക്കു ചേർക്കപ്പെട്ടതെങ്കിലും, ഏലിയായുടെ കാലംമുതൽ പാലിച്ചുപോരുന്ന ചൈതന്യം ഉൾക്കൊള്ളാൻ ശ്രദ്ധിച്ചിരുന്നു. മാർത്തോമ്മാക്രിസത്യാനികളുടെ ആദ്ധ്യാത്മിക സമ്പത്തായിരുന്നല്ലോ മരിയഭക്തി. അത്യുന്നതനായ ദൈവത്തോടുള്ള തീക്ഷ്ണതയാൽ ജ്വലിച്ചിരുന്ന ഏലിയായുടെ ഭക്തി തീക്ഷ്ണത സഭാംഗങ്ങളിൽ വളർത്തുവാൻ അദ്ദേഹം ഉത്സാഹിച്ചിരുന്നു. 1958-ൽ അമലോത്ഭവമറിയത്തിന്റെ കർമ്മെലീത്തർ (C.M.I) എന്ന പേരിൽ തനിമയേറിയ സ്വഭാവത്തോടെ സഭ രൂപപ്പെടുന്നതുവരെ, ലത്തീൻ കർമ്മെലീത്താ സഭയുടെ ആദ്ധ്യാത്മികാനുകൂല്യങ്ങളുടെ വഴിയെ സഞ്ചരിക്കയും ചെയ്തിരുന്നു.

1855-ഡിസംബർ 8-ന് ആദ്യസഭാംഗങ്ങളായ ചാവറയച്ചനും സുഹൃത്തുക്കളും ഒരു വർഷത്തെ സന്ന്യാസപരിശീലനം കഴിഞ്ഞ് സന്ന്യാസസമർപ്പണം നടത്തി. കർമ്മെലീത്താസഭയുടെ നിയമങ്ങളിൽ ചില വ്യതിയാനങ്ങൾ വരുത്തി നല്കിയ ജീവിതപ്രമാണ

സംഹിതയെപ്പറ്റി ആദ്യം മുതലേ അംഗങ്ങളിൽ അതൃപ്തിയുണ്ടായിരുന്നു. നൂറ്റാണ്ടുകൾ മുൻപ് ജറൂസലേം പാത്രിയർക്കീസ് ആൽബർട്ട് നല്കിയ അടിസ്ഥാന പ്രമാണങ്ങൾ "റേഗുള"യെന്ന പേരിൽ സഭയിൽ നിലനിറുത്തിപ്പോന്നിരുന്നു. ധാരാളം പ്രവർത്തനങ്ങളുള്ള ഒരു സന്ന്യാസസഭയെ ധ്യാനാത്മക ചൈതന്യമേറിയ നിയമങ്ങൾ കൊണ്ടാണ് ബന്ധിച്ചിരുന്നതും. 1957-ൽ പന്ത്രണ്ടാം പീയൂസ് പാപ്പായുടെ അംഗീകാരത്തോടെ നടത്തിയ നവീകരണഫലമായി ലത്തീൻ രീതികൾ പൂർണ്ണമായി മാറുകയും പൗരസ്ത്യ തനിമയുള്ള കർമ്മെലീത്താ സഭയായിത്തീരുകയും ചെയ്തു.

കർമ്മെലീത്താസഭയുടെ മരിയൻ ചൈതന്യം ഒട്ടും കുറവുവരാതെ സ്വന്തം ആരാധനക്രമത്തിന്റെയും മാർത്തോമ്മാക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെയും അടിസ്ഥാനത്തിൽ സി. എം. ഐ. സഭ അഭംഗുരം പാലിച്ചുപോരുന്നു. കർമ്മെല മാതാവിന്റെ തിരുനാൾ ദിനത്തിൽ വ്രതനവീകരണം നടത്തി പ്രതിഷ്ഠിക്കുന്നതിൽ കാണിക്കുന്ന ജാഗ്രത ചൈതന്യപാലനരീതിതന്നെയാണ്. പൗരസ്ത്യറീത്തിലുള്ള ഒരു സ്വതന്ത്രസന്ന്യാസസഭയുടെ പ്രത്യേകതകളോടുകൂടി കർമ്മെലീത്താ ചൈതന്യം കാത്തുസൂക്ഷിച്ചു പോരുന്നു.

# 2. കേരളസഭയുടെ സമുജ്ജ്വലതാരം

നൂറ്റാണ്ടുകളുടെ പഴക്കംവരുമ്പോൾ സ്ഥാപനങ്ങളും സമുദായങ്ങളും ആലസ്യത്തിന്റെ പിടിയിലകപ്പെടുകയും ആരംഭതീക്ഷ്ണത ക്ഷയിച്ചുപോകയും ചെയ്യും. അപ്രാപ്തരും സുഖരസികരുമായ പില്ക്കാല ഭരണകർത്താക്കൾ എന്താണു ചെയ്യേണ്ടതെന്നോ അവലംബിക്കേണ്ട ദൗത്യം എന്താണെന്നോ അറിയാതെ പോകയും ചെയ്യും. ഈ ദുഃസ്ഥിതിയിൽനിന്നും രക്ഷ നേടുന്നതിനാണു പുനരവലോകനങ്ങളും നവോത്ഥാനങ്ങളും ആവശ്യമായി വരുന്നത്.

പാശ്ചാത്യ സംസ്കാരത്തിന് അടിത്തറ പണുതത് യവനചിന്തയും സാഹിത്യവുമാണ്. താലസ്, സോക്രട്ടീസ് തുടങ്ങിയ ചിന്തകരും ഹോമർ, വെർജിൻ മുതലായ സാഹിത്യകാരന്മാരും പാശ്ചാത്യസംസ്കാരത്തിന് കെട്ടുറപ്പു നല്കി. റോമാക്കാർ ഗ്രീക്കുകാരെ പട്ടാളംകൊണ്ടു കീഴടക്കിയെങ്കിലും ഗ്രീക്കുകാർ റോമാക്കാരെ വിദ്യകൊണ്ടും കലകൊണ്ടും കീഴടക്കി. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ യവനഭാഷ പഠിക്കാൻ കാണിച്ച മടിയും, സാഹിത്യകൃതികൾ വായിക്കാൻ കൂട്ടാക്കാത്തതും പാശ്ചാത്യസംസ്കാരത്തെ അപചയത്തിന്റെ വക്കിലെത്തിച്ചു. ഇക്കാലഘട്ടത്തിലാണ് നവോത്ഥാനത്തിന്റെ ആഹ്വാനവുമായി ചിന്തകരും സാഹിത്യകാരന്മാരും രംഗത്തെത്തുന്നത്. പ്രാചീനസാഹിത്യത്തിലെ ആശയസന്ധാന സമ്പ്രദായങ്ങൾ മനസ്സിലാക്കാനും, കലാരൂപങ്ങളുടെ അന്തഃസ്സത്ത ഉൾക്കൊള്ളാനും, വാസ്തുവിദ്യയിലും ചിത്രകലയിലുമുള്ള പാരമ്പര്യ ശൈലികൾ സ്വായത്തമാക്കാനുമുള്ള ഉദ്ദേശ്യത്തോടെയാണ് അവർ മുന്നോട്ടുവന്നത്. യൂറോപ്പിന്റെ സാംസ്കാരികരംഗത്തു ദൂരവ്യാപകമായ മാറ്റങ്ങൾ വരുത്താൻ നവോത്ഥാനത്തിനു സാധിച്ചു.

പാശ്ചാത്യ നവോത്ഥാനത്തിനുശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണു ഭാരതത്തിലും കേരളത്തിലും അതിന്റെ ഓളങ്ങൾ പ്രത്യ

ക്ഷപ്പെട്ടത്. കേരളവർമ്മ വലിയകോയിത്തമ്പുരാനും ഏ.ആർ. രാജ രാജവർമ്മയും മലയാളസാഹിത്യത്തിൽ നവോത്ഥാന കാഹളമൂതിയെങ്കിൽ, ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമികളും ജാതിവർഗ്ഗ ഭേദങ്ങളുടെ ബന്ധനകണ്ണികൾ മുറിച്ചുകളയാനും അവർണ്ണ വിഭാഗങ്ങളെ ഉണർത്താനും ഉയർത്താനും ഉദ്യമിക്കയുണ്ടായി. പോർട്ടുഗീസുകാരുടെ ആഗമനം മുതൽ മലബാർസഭയ്ക്ക് അനുഭവപ്പെട്ടുകൊണ്ടിരുന്ന ആദ്ധ്യാത്മിക മർദ്ദനങ്ങളും അടിമത്തങ്ങളും നിസ്സാരമായിരുന്നില്ല. അഭിമാനബോധമുള്ള ഒരു ജനതയ്ക്ക് സഹിക്കാവുന്നതിലും അധികമായിരുന്നു അത്. പ്രാദേശിക ക്രൈസ്തവജീവിതത്തിന്റെ അടിത്തറ ഇളക്കാനും, സംസ്കാരത്തിന്റെ ഉറ ഊരിക്കളയാനും പ്രേരകമായ സാഹചര്യങ്ങളാണ് ഉണ്ടായിരുന്നത്. പാറേമ്മാക്കൽ ഗോവർണദോർ, മാർ ജോസഫ് കരിയാറ്റി എന്നീ സഭാസ്നേഹികൾ ഈ വ്യവസ്ഥയിൽനിന്നും വിമുക്തി പ്രാപിക്കാൻ കഠിനയത്നം നടത്തിയവരായിരുന്നു. അധികാരത്തിന്റെ അമർത്തലും നിയമത്തിന്റെ കാർക്കശ്യവും നിമിത്തം കഠിനാദ്ധ്വാനത്തിനു ശേഷവും കാര്യമായ നേട്ടങ്ങൾ ഉണ്ടാക്കാനാവാതെ അവർക്കു കഴിയേണ്ടിവന്നു.

പത്തൊമ്പതാം നൂറ്റാണ്ട് കേരളത്തിനു മൊത്തത്തിൽ ഉത്ഥാനദശയായിരുന്നു. നൂറ്റാണ്ടിന്റെ ആരംഭത്തിൽ പ്രത്യക്ഷപ്പെട്ട ചാവറകുര്യാക്കോസ് ഏലിയാസച്ചനും അവസാനത്തിൽ ഉജ്ജ്വലതാരമായി ശോഭിച്ച നിധീരിക്കൽ മാണിക്കത്തനാരും എടുത്തുപറയേണ്ട വ്യക്തികളാണ്. കേരള ക്രൈസ്തവസമൂഹത്തെ സന്ന്യാസത്തിന്റെ പാഠങ്ങൾ പഠിപ്പിച്ച വ്യക്തിയായിരുന്നു ചാവറയച്ചൻ. സമുദായത്തിന്റെ സർവ്വതോത്കർഷത്തിന്റെ രൂപരേഖയാണ്, മാണിക്കത്തനാരുടെ നിരന്തര ചിന്തയും പ്രവർത്തനവും വഴി വരച്ചുകാണിച്ചത്.

പാലക്കൽ തോമ്മാച്ചന്റെ ശിഷ്യനായി വൈദികപരിശീലനം നേടി സേവനരംഗത്തേക്കിറങ്ങിയ ചാവറയച്ചന്റെ മുഖ്യചിന്താവിഷയം സമുദായത്തിന്റെ സർവ്വമേഖലകളിലുമുള്ള വളർച്ചയും ഉയർച്ചയുമായിരുന്നു. ശാന്തവും ആദ്ധ്യാത്മികവുമായ വഴിയിലൂടെ എല്ലാക്കാര്യങ്ങളും സാധിച്ചെടുക്കാം എന്നൊരു ശുഭാപ്തിവിശ്വാസം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ആദ്ധ്യാത്മിക ഭരണാധിപന്മാരായ വിദേശമെത്രാന്മാരെ അധിക്ഷേപിക്കയും ധിക്കരിക്കയും ചെയ്താൽ കേമനാകുമെന്നോ ലക്ഷ്യങ്ങൾ നിറവേറ്റാമെന്നോ അദ്ദേഹം കരുതിയില്ല. സഭാഭരണ സംവിധാനത്തെ നിരസിക്കാതെയും അധികാരികളെ വെറുപ്പിക്കാതെയും അവരോടു

ചേർന്നുനിന്നു കഴിവതും പ്രായോഗികമായ രീതിയിൽ കാര്യങ്ങൾ തീർപ്പാക്കുകയെന്ന നടപടിയാണ് അദ്ദേഹം അവലംബിച്ചുപോന്നത്. സെമിനാരി പഠനകാലംമുതലേ സന്ന്യാസത്തോടു ആഭിമുഖ്യം ഉണ്ടായിരുന്നതുകൊണ്ട് അനുസരണത്തിന്റെയും മനസ്സുവഴങ്ങലിന്റെയും സന്ന്യാസശാസ്ത്രം അദ്ദേഹം ശീലിച്ചുപോന്നു.

പാലയ്ക്കൽ തോമ്മാച്ചൻവഴി വരാപ്പുഴ മെത്രാപ്പോലീത്തായുമായി പരിചയം ഉണ്ടാവുകയും അത് അടുത്ത ബന്ധമായി വളരുകയും ചെയ്തു. സന്ന്യാസസഭാ സ്ഥാപനത്തിന് മെത്രാനച്ചന്റെ സഹകരണവും സന്മനസ്സും ആവശ്യമായിരുന്നു. അത് നേടിയെടുക്കാനുള്ള പ്രായോഗികബുദ്ധിയും ചാവറയച്ചനുണ്ടായിരുന്നു. എടുത്തു ചാട്ടക്കാർക്കും തല്ലുകൊള്ളികൾക്കും പാകബുദ്ധികളോടു പുച്ഛമാണ്. ഉരുക്കുണ്ടപോലെ ദഹിക്കാത്ത ആശയങ്ങൾ ഉള്ളിലിട്ടു, കൂട്ടിൽ പിടിച്ചിട്ട കുറുനരിയെപ്പോലെ ഓടി നടക്കുന്നവരുണ്ട്. ആശയബഹളമല്ലാതെ കാര്യങ്ങൾ നടത്താൻ അവർക്ക് കഴിവും ശാന്തതയുമില്ല.

കേരളസഭയിലെ വൈദികജീവിതത്തിനു പരിഷ്കാരവും പരിവർത്തനവും, പ്രാർത്ഥനാജീവിതത്തിനു നവീകരണവും വരുത്തിയെന്നുള്ളതു ചാവറയച്ചന്റെ പ്രത്യേക സേവനങ്ങളായി പരിഗണിക്കപ്പെടുന്നുണ്ട്. വേഷഭൂഷാദികളിലും പഠനത്തിലും പിന്നോക്കമായി "കത്തനാന്മാർ" എന്ന പരിഹാസഭാഷയിൽ അറിയപ്പെട്ടിരുന്ന സുറിയാനിവൈദികരുടെ സർവ്വതോന്മുഖമായ നിലവാരം ഉയർത്തുന്നതിന് ഉണർന്നു പ്രവർത്തിച്ചയാളായിരുന്നു ചാവറയച്ചൻ. വ്യുല്പന്നമതികളായ ഏതാനും ഇടവകവൈദികർ സഹോദരങ്ങളെപ്പോലെ കൂടെത്താമസിപ്പിച്ചു സുറിയാനിഭാഷയും വേദപാഠങ്ങളും പരിശീലിപ്പിച്ചെടുത്തവരായിരുന്നു അന്നത്തെ വൈദികരിൽ അധികവും. ഇന്നത്തെപ്പോലെ ചിട്ടയുള്ള സെമിനാരി പഠനമോ, വിവിധ വിഷയങ്ങളിൽ പണ്ഡിതരായ അദ്ധ്യാപകരുടെ ബൗദ്ധികപരിശീലനമോ ലഭിക്കാനുള്ള സൗകര്യം അന്നുണ്ടായരുന്നില്ല. ഈ നിലപാടു മാറാതെ വൈദികർക്കും സമുദായത്തിനും പുരോഗതിയുണ്ടാകയില്ലെന്നു ചാവറയച്ചൻ മനസ്സിലാക്കി.

കാക്കുപ്പായവും കമ്മീശും കൊന്തയും തോളത്ത് ഒരു നാടൻ തോർത്തുമായിട്ടാണു ചാവറയച്ചന്റെ കാലത്ത് വൈദികർ സഞ്ചരിച്ചിരുന്നത്. അല്മേനികൾ എന്ന തെറ്റായ ധാരണ വിദേശികൾക്ക് ഉണ്ടാക്കുന്ന വസ്ത്രധാരണരീതി മാറ്റുവാൻ പ്രേരകശക്തിയായി നിന്നത് ചാവറയച്ചനാണ്. വെള്ളത്തുണികൊണ്ടു തയ്യാറാക്കിയ

അന്തസ്സായ ളോവ വൈദികരും ശെമ്മാശ്ശന്മാരും ധരിക്കണമെന്നു പാലക്കൽ മല്പാനച്ചനെ ബോദ്ധ്യപ്പെടുത്തി അംഗീകാരം വാങ്ങിയതും നടപ്പാക്കിയതും അദ്ദേഹമാണ്. കമ്മീശിൽനിന്നും ളോവയിലേക്കുള്ള മാറ്റം ലത്തീനീകരണമായിപ്പോയെന്നു ഇന്നു ചിലർ വീക്ഷിക്കുന്നു.

## തൂക്കാസാ

സുറിയാനി ക്രിസ്ത്യാനികളുടെ ആരാധനക്രമ പരിഷ്കർത്താവായി ചാവറയച്ചൻ അറിയപ്പെടുന്നു. ഉദയംപേരൂർ സൂനഹദോസിൽ പഠനത്തിനു വിധേയമാക്കിയ മലബാർ കുർബാനക്രമത്തിൽ ചില മാറ്റങ്ങൾ വരുത്തി ബിഷപ്പ് ഫ്രാൻസീസ് റോസ് 1774-1784 വർഷങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ സുറിയാനിഗ്രന്ഥത്തിന്റെ അച്ചടി റോമിലാണ് നടന്നത്. ദീർഘനാളായി ഉപയോഗിച്ചുപോന്ന ഈ കുർബാനക്രമത്തിന്റെ അടിസ്ഥാനപതിപ്പുകളിലൊന്നും കർമ്മവിധികളുടെ ക്രമങ്ങൾ ഇല്ലായിരുന്നു. അതുകൊണ്ട് ഓരോ സ്ഥലത്തുമുള്ള മല്പാന്മാരുടെ മനോധർമ്മവും ഭക്തിബോധവുമനുസരിച്ചുള്ള രീതികളിലാണ് കുർബാന ചൊല്ലിയിരുന്നത്. അതുകൊണ്ട് ലത്തീൻകുർബാനയിലെ കർമ്മവിധികളും വി. അൽഫോൻസ് ലിഗോരിയുടെ ദിവ്യകാരുണ്യ പ്രബോധനമനുസരിച്ചും വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന കർമ്മവിധിയാണ് തൂക്കാസാ എന്ന പേരിൽ ചാവറയച്ചൻ തയ്യാറാക്കിയത്. അന്നത്തെ അപ്പസ്തോലിക് വികാരിയായിരുന്ന മോൺ. ബാച്ചിനെല്ലി നിർദ്ദേശിച്ചതനുസരിച്ചാണ് അദ്ദേഹം ഇതു തയ്യാറാക്കിയത്. സുറിയാനിക്കുർബാന കർമ്മവിധി രചിക്കുവാൻ ചാവറയച്ചനെക്കാൾ യോഗ്യനായ ഒരു വ്യക്തിയെ അദ്ദേഹം കണ്ടെത്തിയില്ല. വികാരി അപ്പസ്തോലിക്കായുടെ ആമുഖത്തോടെ 1868-ൽ അച്ചടിച്ചു ഇതു നടപ്പാക്കി. ഞായറാഴ്ചതോറുമുള്ള ആഘോഷമായ കുർബാനയ്ക്കും പ്രത്യേക കർമ്മവിധികൾ തയ്യാറാക്കിയിരുന്നു. തിരുനാളുകളോടനുബന്ധിച്ചുള്ള ആഘോഷമായ റംശയ്ക്കും (സായാഹ്ന പ്രാർത്ഥന) ഭക്തിസംവർദ്ധകമായ രീതിയിൽ കർമ്മവിധികൾ എഴുതിയുണ്ടാക്കി.

സീറോ-മലബാർ സഭയുടെ സിനഡുകൂടി തീരുമാനിച്ച ഇന്നത്തെ കർമ്മവിധികൾ ഓരോ രൂപതയിലും വ്യത്യാസപ്പെട്ട രീതികളിലാണ് ആചരിച്ചുവരുന്നതെന്നറിയുമ്പോൾ, ഏകീകരണത്തിനായി ചാവറയച്ചൻ അനുഭവിച്ച ബദ്ധപ്പാടുകൾ കുറച്ചൊന്നുമല്ലെന്നു മനസ്സിലാകും.

## കലണ്ടർ

വരാപ്പുഴ അപ്പസ്തോലിക് വികാരിയടെ നിർദ്ദേശമനുസരിച്ചു നമ്മുടെ സഭയിൽ നിശ്ചിത തീയതികളിലുള്ളതും, വ്യത്യസ്ത തീയതികളിലുള്ളതുമായ കുർബാന കലണ്ടർ ചാവറയച്ചൻ എഴുതി ഉണ്ടാക്കി 1866-ലാണ് അത് അച്ചടിപ്പിച്ചത്. പാശ്ചാത്യസഭയിലെ ലോകപ്രസിദ്ധരായ പല പുണ്യവാന്മാരുടെയും തിരുനാളുകൾ കേരളസഭയിലും ആഘോഷിച്ചിരുന്നു. അവ കൂടി ഉൾപ്പെടുത്തിയാണ് ഈ കലണ്ടർ തയ്യാറാക്കിയത്.

## വായനകൾ

സീറോ-മലബാർ സഭയിലെ കുർബാനയ്ക്കുള്ള വായനകൾ സൂചിപ്പിക്കുന്ന ലിസ്റ്റു 1775-ൽ റോമിൽനിന്നും തയ്യാറാക്കി അച്ചടിപ്പിച്ചിരുന്നു. ചില തിരുനാളുകൾക്ക് ഈ ലിസ്റ്റിൽ വായനകൾ ഇല്ലായിരുന്നു. സുറിയാനി പാരമ്പര്യത്തിൽനിന്നും ലഭ്യമായവ എടുക്കുകയും അല്ലാത്തവ ലത്തീൻക്രമത്തിൽനിന്നും സ്വീകരിക്കയും ചെയ്തു. കാലോചിതമായി സഭാധികാരികൾ ചില തിരുനാളുകൾ കൂട്ടിച്ചേർത്തതുകൊണ്ടു പുതിയ വായനകളും ചേർക്കേണ്ടതായി വന്നു. സഭയിൽ ആചരിച്ചിരുന്ന തിരുനാളുകൾക്ക് വായനകൾ കണ്ടുപിടിച്ചു തയ്യാറാക്കിയതു വലിയൊരു സേവനമായിരുന്നു.

## ദുഃഖശനിയാഴ്ച പ്രാർത്ഥനകൾ

ദുഃഖവെള്ളിയാഴ്ചത്തെ പ്രാർത്ഥനകൾ കഴിഞ്ഞാൽ ഉയിർപ്പു ഞായറാഴ്ചയെ ആളുകൾ പള്ളിയിൽ പോയിരുന്നുള്ളൂ. ശനിയാഴ്ച കുർബാനയോ പ്രാർത്ഥനകളോ പള്ളികളിൽ നടത്തിയിരുന്നില്ല. പ്രാർത്ഥനകളൊന്നും കൂടാതെയുള്ള കഠിനമായ ദുഃഖാചരണമാണ് അവലംബിച്ചിരുന്നത്. ആരാധനയൊന്നും കൂടാതെ പ്രധാനപ്പെട്ട ഒരു ദിവസം നീക്കിവിടുന്നതു ചാവറയച്ചന് പ്രയാസമായിരുന്നു. "ഞങ്ങളുടെ ദൈവാലയങ്ങൾ ദുഃഖശനിയാഴ്ചകളിൽ യഹൂദ പ്രാർത്ഥനാലയംപോലെ വിജനമാണ്" എന്നു പ്രൊപഗാന്താ തിരുസ്സംഘത്തിന്റെ പ്രീഫെക്ടിന് അദ്ദേഹം എഴുതാനുള്ള പ്രേരണയും ഇതായിരുന്നു. ഇതിനൊരു പ്രതിവിധിയായിട്ടാണ് ലത്തീൻ റീത്തിലെ ദുഃഖശനിയാഴ്ച പ്രാർത്ഥനകൾ സുറിയാനിയിലേക്കു മൊഴിമാറ്റം നടത്തിയത്. അതുപയോഗിക്കുവാൻ 1870-ൽ റോമിൽനിന്നും അനുവാദം കിട്ടി. അചിരേണ അത് അച്ചടിക്കയും ചെയ്തു. പന്ത്രണ്ടു വായനകളും, പുത്തൻതീയ്, പുത്തൻവെള്ളം തുടങ്ങിയവയുടെ വെഞ്ചെരിപ്പും, സകല വിശുദ്ധരുടെ ലുത്തിനി

യായും എല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിപുലമായ കർമ്മവിധിയാണ് അദ്ദേഹം തയ്യാറാക്കിയത്. സന്ന്യാസാശ്രമങ്ങളിലും പ്രധാന ദൈവാലയങ്ങളിലുമേ ഈ പ്രാർത്ഥനാശുശ്രൂഷ നടത്തിയിരുന്നുള്ളൂ.

## മാതാവിന്റെ ഒപ്പീസ്

ദൈവമാതാവിനോട് അത്യന്തഭക്തിയുള്ള ആളായിരുന്നു ചാവറയച്ചൻ. മാതാവിന് പ്രത്യേകം പ്രതിഷ്ഠിതമായ ഒരു സന്ന്യാസസഭയാണ് അദ്ദേഹം സ്ഥാപിച്ചത്. സഭാംഗങ്ങളുടെയും ജനങ്ങളുടെയും ഇടയിൽ മരിയഭക്തി വർദ്ധിപ്പിക്കുന്നതിന് അദ്ദേഹം ഉത്സാഹിച്ചിരുന്നു. ഇതിന്റെ ഭാഗമായാണു മാതാവിന്റെ ഒപ്പീസ് എഴുതി തയ്യാറാക്കിയത്. സുറിയാനി പ്രാർത്ഥനകളിലെ സപ്രാ, റംശാ, ലെലിയ എന്നിവയുടെ ഘടന പൂർണ്ണമായും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ പ്രാർത്ഥനകൾ രൂപപ്പെടുത്തിയത്. പണ്ഡിതരും വിശുദ്ധരുമായ പാശ്ചാത്യസഭാംഗങ്ങളുടെ ആശയങ്ങളും പ്രാർത്ഥനകളും അദ്ദേഹം നിർല്ലോഭം സ്വീകരിക്കുകയും ചെയ്തു. മലയാളത്തിൽ യാമപ്രാർത്ഥനകൾ തയ്യാറാകുന്നതുവരെ സി.എം.ഐ. ആശ്രമങ്ങളിൽ മാതാവിന്റെ പ്രധാന തിരുനാൾ അവസരങ്ങളിൽ ഈ പ്രാർത്ഥനകൾ ചൊല്ലിയിരുന്നു.

## കാനോന നമസ്കാരം (യാമ പ്രാർത്ഥനകൾ)

കേരള സുറിയാനി ക്രൈസ്തവസഭയിലെ വൈദികർക്ക് ചാവറപ്പിതാവ് നല്കിയ ഏറ്റവും വലിയ സേവനമാണ് കാനോനാനമസ്കാരത്തിന്റെ ക്രോഡീകരണം. അനുദിന യാമപ്രാർത്ഥനകൾ പൗരസ്ത്യരീതിയനുസരിച്ചു വളരെ ദീർഘമേറിയതായതിനാൽ പല വൈദികരും ചൊല്ലിയിരുന്നില്ല. പ്രാർത്ഥന ചുരുക്കി ചിട്ടപ്പെടുത്തിയാൽ പ്രയോജനകരമായിരിക്കുമെന്നു ചാവറയച്ചൻ കരുതി. നമസ്കാരം ചൊല്ലാനുള്ള സുറിയാനിഗ്രന്ഥങ്ങൾ വളരെ വിരളമായിരുന്നു. ഉള്ളവയിൽ പ്രാർത്ഥനകളുടെ യഥാസ്ഥാനം കണ്ടുപിടിക്കുക പ്രയാസകരവുമായിരുന്നു. പ്രധാനമായും നാലു പുസ്തകങ്ങളിലായിട്ടായിരുന്നു സുറിയാനി പ്രാർത്ഥനകൾ കിടന്നിരുന്നത്.

ഞായറാഴ്ച, നോമ്പുകാല പ്രാർത്ഥനകൾ 'ഹുദറാ' എന്ന ഗ്രന്ഥത്തിലായിരുന്നു. ഇടദിവസങ്ങളിലെ പ്രാർത്ഥനകൾ 'കശ്കോൽ' എന്ന ഗ്രന്ഥത്തിലും, പ്രത്യേക തിരുനാളുകൾ, സ്മരണാദിന പ്രാർത്ഥനകൾ എന്നിവ ഗസ്സാ (ഗുബിയ)എന്ന ഗ്രന്ഥത്തിലുമായിരുന്നു. കാലത്തിനുതകുന്ന ഗാനപ്രാർത്ഥനകൾ 'ഖാലാ'

എന്ന പ്രാർത്ഥനാപുസ്തകത്തിലുമായിരുന്നു.. ഈ പ്രാർത്ഥനകൾ വിവിധ സ്ഥലങ്ങളിൽ വ്യത്യസ്ത രീതിയിലാണ് ചൊല്ലിയിരുന്നത്. പുസ്തകങ്ങളെല്ലാം കൈയെഴുത്തു പ്രതികളായിരുന്നു. ഇവയെല്ലം വിവിധ സ്ഥലങ്ങളിൽനിന്നും സംഭരിച്ചു, പൗരസ്ത്യസുറിയാനി പാരമ്പര്യം അറിയാവുന്ന മല്പാന്മാരെയെല്ലാം വിളിച്ചുകൂട്ടി ചർച്ച ചെയ്തു. പാരമ്പര്യങ്ങൾ മുഖ്യമായും പരിഗണിച്ചു പകർത്തയെഴുതിയ നമസ്കാരം അംഗീകാരത്തിനായി 1862-ൽ റോമിലേക്കയച്ചു. റോമിൽനിന്നുള്ള അനുവാദം 1870-ൽ ലഭിച്ചെങ്കിലും ചാവറയച്ചന്റെ മരണശേഷമാണ് അച്ചടിച്ച് നടപ്പിലായത്. ഇപ്പോൾ സഭയിൽ ഉപയോഗിക്കുന്ന മലയാളഗ്രന്ഥം വരുന്നതുവരെ ഒരു നൂറ്റാണ്ടുകാലത്തോളം ചാവറയച്ചൻ സഞ്ചയിച്ച പ്രാർത്ഥനാഗ്രന്ഥമായിരുന്നു വൈദികർ ഉപയോഗിച്ചിരുന്നത്. ബഡ്ജാന്റെ പ്രസിദ്ധമായ മൂന്നു ഭാഗം സുറിയാനി നമസ്കാരം തയ്യാറാക്കുന്നതിന് കാൽനൂറ്റാണ്ടു മുൻപു നമ്മുടെ സഭയുടെ ഉപയോഗത്തിനായി സുറിയാനി നമസ്കാരം ചിട്ടപ്പെടുത്തുകയുണ്ടായി. പൗരസ്ത്യസുറിയാനി ആരാധനാപാരമ്പര്യത്തോടു വിശ്വസ്തത പുലർത്തിയാണ് ചാവറയച്ചൻ അതു നിർവ്വഹിച്ചത് എന്നോർക്കുമ്പോൾ അദ്ദേഹത്തെ ലത്തീൻ സ്നേഹിതനെന്നു വിളിക്കുന്നവരുടെ മനോവൈകല്യം നമുക്കു ബോധ്യമാവുകയും ചെയ്യുന്നു.

## നാല്പതു മണിക്കൂർ ആരാധന

വി. കുർബാനയോടുള്ള ഭക്തിക്ക് സജീവത വന്നുകൊണ്ടിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ തിരുമണിക്കൂർ, പതിമ്മൂന്നു മണിക്കൂർ, വി. കുർബാനയുടെ തിരുനാൾ എന്നിവയ്ക്കു വിപുലമായ പ്രചാരം കിട്ടി. ഇതേത്തുടർന്നു രൂപപ്പെട്ടതാണു മൂന്നു ദിവസത്തോളം ദീർഘിക്കുന്ന നാല്പതുമണിക്കൂർ ആരാധന. കേരളത്തിൽ ഈ ഭക്തിക്കു പ്രേരണ നല്കിയത് ചാവറയച്ചനാണ്. ദേവാലയ പരിസരങ്ങളിൽ പരിപൂർണ്ണ നിശബ്ദത, അൾത്താര നിറയെ പച്ചപ്പൂക്കൾകൊണ്ടുള്ള അലങ്കാരം, എപ്പോഴും കത്തിച്ച ആറു തിരികൾ, പള്ളി ജനാലകൾക്ക് ആഡംബര പൂർണ്ണമായ വിരികൾ തുടങ്ങിയ അലങ്കാരങ്ങൾ ആരാധനാഭക്തി വർദ്ധമാനമാക്കിയിരുന്നു. നാല്പതു മണിക്കൂർ ആരാധനയ്ക്കുള്ള വിപുലമായ കർമ്മവിധികൾ ചാവറയച്ചൻ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രത്യേകം അനുവാദമുള്ള ഏതാനും ദൈവാലയങ്ങളിൽ വളരെ ഭക്തിപുരസ്സരം നടത്തിയിരുന്നതാണ് ഈ ആരാധന. ദിവ്യകാരുണ്യഭക്തനായ ചാവറയച്ചൻ ആ ഭക്തി സഭാംഗങ്ങളുടെയം ജനങ്ങളുടെയും മദ്ധ്യേ പ്രചരിപ്പിക്കുന്നതിൽ ഉത്സുകനായിരുന്നു.

പാശ്ചാത്യസഭയിലെ ആദ്ധ്യാത്മിക നവോത്ഥാനഫലമായി രൂപപ്പെട്ട ഭക്തകൃത്യങ്ങളിൽ പലതും കാലോചിതമായ അനുരൂപണങ്ങളോടുകൂടി കേരളസഭയിൽ അവതരിപ്പിക്കുവാൻ ചാവറപ്പിതാവ് തുനിഞ്ഞു. സഭയുടെ സാർവ്വത്രിക സ്വഭാവത്തിൽ ശ്രദ്ധാലുവായിരുന്ന അദ്ദേഹത്തിന്റെ മനസ്സ് തുറന്നതും വീക്ഷണപരിധി വിപുലവുമായിരുന്നു.

മൃതഭാഷകളിൽ ശുഷ്കമായ ശൈലികളിൽ ലോകാവസാനം വരെയുള്ള തലമുറകളുടെ ആദ്ധ്യാത്മികത തല്ലി ഒതുക്കിവച്ചിരിക്കുന്നുവെന്ന് അദ്ദേഹം കരുതിയില്ല. അതുകൊണ്ടാണ് കുരിശിന്റെ വി. യോഹന്നാൻ, ആവിലായിലെ ത്രേസ്യാ, തുടങ്ങിയ സ്പാനീഷ് മിസ്റ്റിക്കുകളുടെ ഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചുനോക്കി ആശയങ്ങൾ ഉൾക്കൊണ്ടത്. മനസ്സിന്റെ തുറവിയും കാലികാശയങ്ങളുടെ ഉൾക്കൊള്ളലും പുരോഗമനാശയക്കാരുടെ ഹൃദയമുദ്രയാണല്ലോ. അത് അദ്ദേഹത്തിന് വേണ്ടുവോളമുണ്ടായിരുന്നു.

## സാഹിത്യപരിശ്രമങ്ങൾ

മലയാളം, തമിഴ്, സംസ്കൃതം, ലത്തീൻ, പോർട്ടുഗീസ്, സുറിയാനി, ഇറ്റാലിയൻ എന്നീ ഏഴുഭാഷകളിൽ വ്യുത്പത്തി സമ്പാദിച്ചയാളായിരുന്നു ചാവറയച്ചൻ. ബാഹ്യജീവിതത്തിൽനിന്നും അദ്ദേഹം പിന്തിരിഞ്ഞപ്പോഴൊക്കെ ധ്യാനത്തിനും, പഠനത്തിനും, ഗ്രന്ഥരചനയ്ക്കും സമയം ചെലവഴിച്ചു. ജനങ്ങളെ ആത്മീയമായി പ്രബുദ്ധരാക്കുക അദ്ദേഹത്തിന്റെ മുഖ്യലക്ഷ്യമായിരുന്നു.

## നാളാഗമം

1829-മുതൽ 1970 വരെയുള്ള കാലഘട്ടത്തിലെ ജീവിതസംഭവങ്ങൾ അദ്ദേഹം 'നാളാഗമ'മെന്നപേരിൽ കുറിച്ചുവച്ചു. അക്കാലത്തിലെ ചരിത്രത്തിന്റെ രൂപരേഖയും കൂടിയായിരുന്നു അത്. വ്യക്തിജീവിതത്തിലെ അനുഭവങ്ങൾ, അറിവുകൾ, സംഭവങ്ങൾ എന്നിവയുടെ സംഗ്രഹം അതിലുണ്ട്. 'ഡയറി' എഴുതുന്നതിന്റെ ആവശ്യകത സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്താൻ ഈ 'നാളാഗമം' സഹായിക്കുന്നു.

## ആത്മാനുതാപം

ചാവറയച്ചന്റെ ആത്മീയതയുടെ ഒരു ഭാഗം ഈ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ക്രിസ്തുവിന്റെയും കന്യകാമാതാവിന്റെയും ചരിത്രം വളരെ ആകർഷകമായ രീതിയിൽ ആത്മാനുതാ

പത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹൃദയത്തിലൂടെ കടന്നുപോയ അനുഭൂതികൾ ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു.

## ധ്യാനസല്ലാപങ്ങൾ

വലിയ പണ്ഡിതനെന്നതിവനെക്കാൾ താപസനും ധ്യാനയോഗിയുമായിരുന്നു ചാവറയച്ചനെന്നതിന്റെ തെളിവാണു ധ്യാനസല്ലാപങ്ങൾ എന്ന ഗ്രന്ഥം. നിർമ്മലഹൃദയത്തോടെ ദൈവത്തെ സമീപിക്കാമെന്നുള്ള ആദ്ധ്യാത്മിക ശാസ്ത്രത്തിന്റെ പ്രണേതാവായ കൊച്ചുത്രേസ്യാപ്പുണ്യവതി ജനിക്കുന്നതിനു മുൻപുതന്നെ ശിശുസഹജമായ സ്നേഹത്തോടും ശരണത്തോടുംകൂടെ ദൈവത്തെ സമീപിക്കാമെന്ന ആദ്ധ്യാത്മികശൈലി സ്വായത്തമാക്കി എഴുതിയതാണ് ഈ ഗ്രന്ഥം. സ്വന്തം ധ്യാനശൈലി ശിഷ്യഗണങ്ങൾക്കുകൂടി ലഭ്യമാകണമെന്ന ഉദ്ദേശ്യംകൂടി ഇതിന്റെ രചനയിലുണ്ടായിരുന്നു.

മരണം സംഭവിച്ച വീട്ടിൽ ഇമ്പമേറിയ രീതിയിലും ധ്യാനാത്മകമായും പാടണമെന്ന ഉദ്ദേശ്യത്തോടെ എഴുതിയതാണ് മരണവീട്ടിലെ പാന എന്ന ഗ്രന്ഥം.

## ഒരു നല്ല അപ്പന്റെ ചാവരുൾ

ജീവിതസായാഹ്നത്തിൽ സുഹൃത്തുക്കളുടെയും ബന്ധുജനങ്ങളുടെയും താത്പര്യമനുസരിച്ച് എഴുതിയതാണ് ഈ ലഘുഗ്രന്ഥം. അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ സാഹിത്യസംഭാവനയാണ് ഇതെന്നു പറയാം. വൈദികനും ഭരണാധികാരിയുമെന്ന നിലയിൽ ആർജ്ജിച്ച അറിവിന്റെയും പ്രായോഗിക ബുദ്ധിയുടെയും അടിസ്ഥാനത്തിൽ കുടുംബജീവിതം സൗഭാഗ്യപ്രദമാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് ഇതിലുള്ളത്. കുടുംബജീവിതഘടന അപഗ്രഥിച്ചു മനസ്സിലാക്കിയ ഒരാൾക്കു മാത്രമേ പ്രായോഗിക നിർദ്ദേശങ്ങളടങ്ങിയ ഇങ്ങനെയൊരു ഗ്രന്ഥം രചിക്കുവാൻ സാധിക്കയുള്ളൂ.

## സഭാരക്ഷകൻ

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളസഭാരക്ഷകനായി പ്രത്യക്ഷപ്പെട്ടത് ചാവറയച്ചനായിരുന്നു. ഇതുപതാം നൂറ്റാണ്ടിന്റെ അവസാനദശകംവരെ, അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചും ആദരിച്ചും പ്രകീർത്തിച്ചും പോന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിൽ ക്ലാസ്സിക്കൽ ചിന്താഗതിക്കാർ പ്രത്യ

ക്ഷപ്പെടുകയും പഴമയിലേക്കു തിരിച്ചുപോകുവാൻ കുഴലൂതുകയും ചെയ്തു. അത്യദ്ധ്വാനം ചെയ്തും ജീവൻ തൃണവത്കരച്ചും വിശ്വാസസംരക്ഷണം നടത്തിയ ചാവറയച്ചനും സഹപ്രവർത്തകരും സഭാസ്നേഹം കുറഞ്ഞവരും ലത്തീൻ സ്നേഹം കൂടിയവരുമായി മുദ്രകുത്താനും ഇടയായി.

സഭാപരമായ സർവ്വ അധികാരങ്ങളും വരാപ്പുഴമെത്രാന്റെ കൈവശമായിരുന്നു. അദ്ദേഹം പറയുന്നത് അനുസരിക്കയല്ലാതെ, എതിരഭിപ്രായം പറയാനോ ചിന്തിക്കാനോ പാടില്ലാത്ത കാലഘട്ടം. ചാവറയച്ചൻ അദ്ദേഹത്തിന്റെ നൈയാമിക മേലധികാരിയായ വരാപ്പുഴ മെത്രാപ്പോലീത്തായെ അനുസരിക്കയല്ലാതെ ഒരിക്കലും ധിക്കരിച്ചിട്ടില്ലായെന്നോർത്തിരിക്കണം. കേരളസഭയിലെ ഉത്തരവാദിത്തമുള്ള ഒരു വൈദികൻ മെത്രാനെ അനുസരിക്കയാണല്ലോ സഭാചൈതന്യത്തിനു ചേർന്നത്.

ഭാരതത്തിനു സ്വാതന്ത്ര്യം ലഭിക്കയും മദ്രാസ്, ബാഗ്ളൂർ, കൽക്കട്ടാ തുടങ്ങിയ പ്രധാന നഗരങ്ങളിലേക്ക് കേരളീയ ക്രിസ്ത്യാനികൾ ജോലിക്കും, വ്യാപാരത്തിനുമായി പോയി കൂട്ടമായി താമസിക്കയും ചെയ്തിട്ടും അവരുടെ ആദ്ധ്യാത്മിക കാര്യങ്ങൾക്കു വേണ്ട ക്രമീകരണം ചെയ്യാൻ സാധിക്കുന്നില്ല. മേജർ ആർച്ചുബിഷപ്പും - കർദ്ദിനാൾ പദവിയും ഇരുപതലധികം മെത്രാന്മാരും, റോമിലേക്കു മണിക്കൂറുകൾ മാത്രമുള്ള ആശയസമ്പർക്ക സാമീപ്യവുമുണ്ടായിട്ടും ഒന്നും ചെയ്യാൻ സാധിക്കുന്നില്ല. ഇങ്ങനെ നിഷ്ക്രിയരും കാര്യപ്രാപ്തി കുറഞ്ഞവരുമായ ആളുകളാണ്, കേവലം വൈദികപദവി മാത്രമുണ്ടായിരുന്ന ചാവറയച്ചൻ പരിധിയിൽ ഒരുങ്ങാത്ത വൻകാര്യങ്ങൾ ചെയ്തില്ലായെന്നും പരാതിപ്പെടുന്നതെന്നോർക്കണം. അല്പബുദ്ധികളും, വിവേകരഹിതരും ആരെയെങ്കിലും ബലിയാടാക്കി സ്വന്തം അവശതയ്ക്കു മൂടുപടമിടാൻ ശ്രമിക്കും.

# 3. മൂപ്പച്ചന്മാർ

**കേ**രളത്തിൽ ക്രൈസ്തവസഭാ സേവനത്തിനു വന്ന പാശ്ചാത്യമിഷനറിമാരെയെല്ലാം "മൂപ്പച്ചന്മാർ" എന്ന ഓമനപ്പേരിലാണറിയപ്പെട്ടിരുന്നത്. ഭക്തരും, പണ്ഡിതരും സഭാസേവനനിരതരുമായിരുന്നു അവരിൽ ഭൂരിഭാഗവുമെങ്കിലും ബുദ്ധിശക്തിയും കാര്യപ്രാപ്തിയും ഭരണപാടവവും തങ്ങൾക്കു മാത്രമേയുള്ളുവെന്നു അവരിൽ കുറേപ്പേർ വിശ്വസിച്ചിരുന്നു. ഭരണയന്ത്രം കൈവശമിരുന്നില്ലെങ്കിൽ ജനങ്ങളെല്ലാം വിശ്വാസപരമായ അപഭ്രംശത്തിൽ ചെന്നു വീഴുമെന്നൊരു മിഥ്യാധാരണ അവരെയെല്ലാം ബാധിച്ചിരുന്നു. കേരളത്തിലെ വൈദികരെല്ലം അറിവു കുറഞ്ഞവരും നിരന്തര നിയന്ത്രണവിധേയരായിരിക്കേണ്ടവരുമായിരിക്കണമെന്ന് അവർ പരിഗണിച്ചിരുന്നു. ഇന്ത്യയിലെ സവർണർക്കുണ്ടായിരുന്ന അതേ മനോഭാവമായിരുന്നു, ആദ്ധ്യാത്മികമേഖലയിൽ ഔന്നത ചിന്ത പുലർത്തിയിരുന്ന അവർക്കുണ്ടായിരുന്നത്.

1829-ൽ വൈദികപട്ടം സ്വീകരിച്ചതിനുശേഷമാണ്, അത്രയും നാൾ പള്ളിപ്പുറം സെമിനാരിയിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചനു സമ്പർക്കമേഖലകൾ ലഭ്യമാകുന്നത്. വരാപ്പുഴയൽ വസിച്ചിരുന്ന വിദേശിമെത്രാന്മാരും മിഷനറിമാരുമായുള്ള സമ്പർക്കങ്ങൾ, അവരുടെ സ്വഭാവപ്രത്യേകതകൾ നിരീക്ഷിക്കുന്നതിനുള്ള അവസരം നല്കി. മൂപ്പച്ചന്മാരുടെ ബൗദ്ധിക അഹന്തയും ആധിപത്യമനോഭാവവും ശരിയായി അറിയുകയും അനുഭവിക്കയും ചെയ്യുന്നതിനിടയായി. ചാവറയച്ചന്റെ അവസാന നാളുകളിലെ സഹകാരിയായിരുന്നു ലെയോപ്പോൾഡ് മൂപ്പച്ചൻ. 1859 - അവസാനമാണ് അദ്ദേഹം കേരളത്തിലെത്തിയത്. കൂനമ്മാവു കൊവേന്തയിൽ താമസിച്ചു ചാവറയച്ചന്റെ ശിഷ്യരിൽനിന്നുമാണ് മലയാളം പഠിച്ചത്.

സ്ത്രീകൾക്കുവേണ്ടി സി.എം.സി.സഭ സ്ഥാപിച്ചപ്പോൾ വൊക്കേഷൻ പ്രമോട്ടർ ജോലി ലെയോപ്പോൾദച്ചൻ ഏറ്റെടുത്തു. കൂനമ്മാവിൽ മഠം സ്ഥാപിക്കാനൊരുങ്ങിയപ്പോൾ ലെയോപ്പോൾദച്ചൻ വിളിച്ചുകൊണ്ടുവന്ന ലത്തീൻകാരായ മൂന്നുപേരെയും ആദ്യം ചേർത്തു. കുര്യാക്കോസച്ചൻ പറഞ്ഞൊരുക്കിക്കൊണ്ടു വന്ന വൈക്കത്ത് പുത്തനങ്ങാടി ഏലീശ്വായെന്ന വിധവയെ ഒരു ദിവസം കൂടി പുറത്തുനിറുത്തി പരിശോധിച്ചശേഷമാണു നാലാമത്തെയാളായി സ്വീകരിച്ചത്. വൈദികരുടെ ഒരു സന്ന്യാസസഭ സ്ഥാപിച്ചു വളർത്തിക്കൊണ്ടുവരികയും കേരളത്തിലെ സുറിയാനിസഭാംഗങ്ങളുടെ വികാരി ജനറാളായി പ്രവർത്തിക്കയും ചെയ്യുന്ന ചാവറയച്ചന് ഒരു യോഗാർത്ഥിനിയെ തെരഞ്ഞെടുക്കാനുള്ള കഴിവില്ലെന്നു ലെയോപ്പോൾദ് മൂപ്പച്ചൻ ധരിച്ചത് അവഗണനയുടെ ഫലംതന്നെയായിരുന്നു. ഇവയൊക്കെ മനസ്സിലാക്കാനുള്ള വിവേകം ചാവറയച്ചനുണ്ടായിരുന്നു. അദ്ദേഹം എല്ലാം മൗനമായി സഹിക്കയാണുണ്ടായത്.

മൂപ്പച്ചന്മാരുടെ ഗുണങ്ങളും ദോഷങ്ങളും ചാവറയച്ചൻ മനസ്സിലാക്കിയിരുന്നു. അധികാരികളെ അനുസരിക്കുക ജീവിതവ്രതമാക്കിയിരുന്ന അദ്ദേഹം ആരോടും ഏറ്റുമുട്ടിയില്ല. ജീവിതധന്യതയിലൂടെ സഭാസേവനം നിർവ്വഹിച്ചിരുന്ന അദ്ദേഹത്തിന് എതിർപ്പ്, ധിക്കാരം, നിസ്സഹകരണം എന്നിവയൊക്കെ അപരിചിത രീതികളായിരുന്നു.

സുറിയാനി കർമ്മെലീത്താ സഭയുടെ ആദ്യകാല പിതാക്കന്മാർ ഒരുമിച്ചുകൂടി നിയമപ്രമാണം (ജീവിതനിയമം) തയ്യാറാക്കി റോമിലേക്ക് അംഗീകാരത്തിനായി അയയ്ക്കുന്നതിനുവേണ്ടി രൂപതാധികാരികളെ ഏല്പിച്ചു. എന്നാൽ അതിൽ മൂപ്പച്ചന്മാർ തിരുത്തലുകൾ വരുത്തിയാണ് റോമിലേക്കയച്ചത്. ഇതറിഞ്ഞ് സഭാംഗങ്ങൾ മറ്റൊന്ന് എഴുതിയുണ്ടാക്കി നേരിട്ട് റോമിലേക്കയച്ചു. അത് റോമിൽ അംഗീകരിച്ച് വരാപ്പുഴ അരമനയിലെത്തിയെങ്കിലും, അത് ആരെയും അറിയിക്കാതെ പൂഴ്ത്തിവച്ചശേഷം, മൂപ്പച്ചന്മാരുടെ സഹായത്തോടെ വ്യത്യാസപ്പെടുത്തി അയച്ച നിയമസംഹിത നിർബന്ധിച്ച് അനുവദിപ്പിച്ചു വരുത്തുകയാണുണ്ടായത്. ഇത് സഭാംഗങ്ങളെ ഏല്പിച്ചുകൊടുക്കാൻവേണ്ടി വികാരി അപ്പസ്തോലിക്കാ, കൂനമ്മാവിൽ യോഗം വിളിച്ചുകൂട്ടിയെങ്കിലും സഭാംഗങ്ങൾ ആരും പോയില്ല. രണ്ടാമതു വിളിച്ചുകൂട്ടിയ യോഗത്തിൽ എതിർപ്പുകൾ വളരെ ഉണ്ടായെങ്കിലും അവസാനം സ്വീകരിച്ചു തീർക്കയാണുണ്ടായത് (വാഴക്കുളം നാളാഗമം Vol.I P. 161).

മൂപ്പച്ചന്മാരുടെ തന്ത്രങ്ങളുടെയും സമീപനങ്ങളുടെയും ഒരു വശമാണിത്. സ്ഥിരകാലം ഒ.സി.ഡി. സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഭക്തസമൂഹമായി സുറിയാനി കർമ്മെലീത്താസഭയെ നിലനിർത്താൻവേണ്ടിയുള്ള മാർഗ്ഗങ്ങളെപ്പറ്റിയാണ് അവർ ചിന്തിച്ചുപോന്നിരുന്നത്. വിദേശങ്ങളിലുള്ള കത്തോലിക്കാ യൂണിവേഴ്സിറ്റികളിൽ പഠിച്ചുവന്നവർ കേരളസഭയിൽ അന്ന് ആരും ഇല്ലാതിരുന്നതുകൊണ്ടു വിശ്വാസപരമായ വ്യത്യാസങ്ങൾ ഉണ്ടായേക്കുമോയെന്ന ഭയവും അവർക്കുണ്ടായിരുന്നു.

കേരളത്തിലെ ക്രിസ്ത്യാനികൾ സന്ന്യാസജീവിതത്തിന് യോഗ്യരും പ്രാപ്തരുമല്ലെന്നും സന്ന്യസിച്ചാൽ വിജയിക്കയില്ലെന്നും മൂപ്പച്ചന്മാർ കണക്കുകൂട്ടി. നിത്യശ്രദ്ധയില്ലെങ്കിൽ കേരളീയരുടെ സന്ന്യാസം മന്ദീഭവിച്ചുപോകുമെന്നൊരു ദുർവ്വിധിയും അവർക്കുണ്ടായിരുന്നു. അതുകൊണ്ടാണ് മൂപ്പച്ചന്മാരുടെ സഭയുടെ താഴത്തെപ്പടിയിലുള്ള ഒരു മൂന്നാം സഭയായി (T.O.C.D.) പില്ക്കാല സി.എം.ഐ. സഭയെ നിലനിറുത്താൻ നിർബന്ധം പിടിച്ചതും അധികാരക്കരുക്കൾ ഒരുക്കിയതും.

മൂപ്പച്ചന്മാരുടെ സ്വഭാവംതന്നെയായിരുന്നു മാർസെലിനോസ് തുടങ്ങിയ മെത്രാന്മാർക്കും ഉണ്ടായിരുന്നത്. കേരളമാകെ പ്രസിദ്ധനായിരുന്ന കട്ടക്കയത്തിൽ വലിയ ചാണ്ടിയച്ചൻ സുറിയാനി കർമ്മെലീത്താസഭയുടെ ജനറാളായിരിക്കുമ്പോഴും സഭയെ കൈയിലൊതുക്കാൻ മെത്രാനച്ചൻ ശ്രമിക്കയും റോമിലേക്കു പല കത്തുകളയയ്ക്കുകയും ചെയ്തു. മെത്രാന്റെ കീഴിലുള്ള ഇടവകപ്പള്ളികൾപോലെ, കൊവേന്തകൾ ഓരോന്നും മെത്രാന്റെ നേരിട്ടുള്ള ഭരണത്തിൻകീഴിലാക്കാനുള്ള പദ്ധതി അദ്ദേഹം റോമിലേക്കയെച്ചു. ആ പദ്ധതിക്കു റോമിന്റെ അംഗീകാരം കിട്ടാതിരുന്നതുകൊണ്ട് പിടിമുറുക്കുവാനും കഴിഞ്ഞില്ല. അധികാരത്തിന്റെ മൂക്കുകയറും പിടിച്ചിരിക്കണമെന്നാണ് എല്ലാവർക്കും മോഹം. ദീർഘനാളത്തെ പഠനവും പരിശീലനവും കഴിഞ്ഞ മലയാളിക്രിസ്ത്യാനികൾക്ക് സ്വയം തീരുമാനമെടുക്കാൻ പ്രാപ്തിയില്ലെന്നു ധരിച്ചാണ് അവർ നിയന്ത്രണങ്ങളൊക്കെ കൊണ്ടുവന്നത്. ഏതൊരു വ്യക്തിക്കും ദൈവം അനുവദിച്ചുനല്കുന്ന സ്വാതന്ത്ര്യം വൈദികർക്കു നല്കാൻ അവർ വൈമനസ്യം കാണിച്ചിരുന്നു.

മൂപ്പച്ചന്മാർ അംഗങ്ങളായുള്ള ഒ.സി.ഡി.സഭയിൽ ഇന്ത്യാക്കാരെ ചേർത്താൽ അതിന്റെ ആഢ്യത്വം കുറഞ്ഞുപോകുമെന്നൊരു ധാരണ അവർ പുലർത്തിയിരുന്നു. അതുകൊണ്ട് സഭയിലേക്കുള്ള പ്രവേ

ശനകവാടം ഭദ്രമായി അടച്ചുപൂട്ടി സൂക്ഷിച്ചിരുന്നു. പ്രശസ്തമായ ഈശോസഭയിൽ ഇന്ത്യാക്കാരെ സ്വീകരിക്കാൻ തുടങ്ങിയിട്ടും മൂപ്പച്ചന്മാർ നിലപാടു മാറ്റിയില്ല. കൊല്ലം ബിഷപ് ബൻസിഗറിന്റെയും വികാരി അപ്പസ്തോലിക്കാ ആയ മോൺ. സലേസ്കിയുടെയും നിർബന്ധത്താൽ 1900-മാണ്ട് ബൽജിയത്തു കൂടിയ സഭയുടെ പരമാധികാരസമിതി ഇന്ത്യാക്കാരെയും ഒ.സി.ഡി. സഭയിൽ സ്വീകരിക്കാൻ തീരുമാനമെടുത്തു. അതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ഒരു സെമിനാരിയും നിർമ്മിച്ചു. അതിന്റെ ഫലമായി ആഗോളവ്യാപകമായ ആ സന്ന്യാസസഭയിലെ ഇരുപത്തഞ്ചു ശതമാനത്തോളമാളുകൾ ഇന്നു കേരളീയരാണ്. സ്പെയിൻ, ബൽജിയം തുടങ്ങിയ മൂപ്പച്ചന്മാരുടെ ജന്മദേശങ്ങളിൽ വിശ്വാസം ക്ഷയിക്കുകയും ദൈവവിളി കുറവാകയും ചെയ്തിരിക്കുന്നു.

ദൈവവിളി വലിയൊരു ദാനവും കൃപയുമാണ്. ദൈവം തനിക്ക് ഇഷ്ടമുള്ളവർക്ക് അത് നല്കുന്നു. അത് യോഗ്യതയോടെ സ്വീകരിക്കുവാൻ സന്നദ്ധരാവുക. താപസമാനസർക്കേ അതിൽ ഉറച്ചു നില്ക്കാൻ സാധിക്കയുള്ളു. കത്തോലിക്കാസഭയിൽ ദളിത് ക്രൈസ്തവ പുരോഹിതന്മാർ കുറവാണെന്ന് ഒരകത്തോലിക്കാ സാഹിത്യകാരി പരാതിപ്പെടുകയുണ്ടായി. ഒരു കത്തോലിക്കാപുരോഹിതനാകാനുള്ള ത്യാഗവും താപസയോഗ്യതയും വൈജ്ഞാനികനിലവാരവും പുലർത്തുന്നവരെയാണ് ആ വേദിയിലേക്ക് അവരോധിക്കുക. ക്രൈസ്തവപൗരോഹിത്യം കുടുംബാവകാശമോ, സംവരണപരിപാടിയോ, ഉപജീവനമാർഗ്ഗമോ, തൊഴിലുറപ്പുപദ്ധതിയോ അല്ല. ഒരു സേവനമേഖലയും അദ്ധ്യാപനവേദിയുമാണ്. നിസ്വാർത്ഥസേവനവേദിക്ക് ആളുകൾ കുറവാകുക സാധാരണമാണ്. എന്ന് വൈദികർക്ക് ആദ്ധ്യാത്മികജാഗ്രതയും വ്യക്തിപരമായ തപസ്സും ഇല്ലാതാകുന്നുവോ അപ്പോൾ ദൈവവിളിക്കും മങ്ങൽ ഉണ്ടാകും. ഒരു വർഗ്ഗത്തിന്റെയോ സമുദായത്തിന്റെയോ കുത്തകയായി ഒരു സന്ന്യാസസഭയെ പരിഗണിക്കാൻ പാടില്ല. ആയിരം വാതിലുള്ള ബംഗാളിലെ പ്ലാസി യുദ്ധസ്മാരകംപോലെ അർഹതയുള്ള ആർക്കും അനായസേന പ്രവേശിക്കാൻ സൗകര്യം കൊടുക്കുന്നവിധത്തിൽ തുറന്നിടുക. പോലീസ്സ്റ്റേഷന്റെ വാതില്ക്കൽ തോക്കും പിടിച്ചു ഗൗരവപൂർവ്വം നില്ക്കുന്ന കാവൽക്കാരെപ്പോലെയല്ല, സന്തോഷത്തോടെ സഭയ്ക്കുള്ളിലേക്കു സ്വീകരിക്കുന്ന സ്നേഹിതരെയാണ് ആവശ്യം. ഇടുങ്ങിയ മനസ്സിൽനിന്നും വിശാലമനസ്സിലേക്കുള്ള വളർച്ചയാണ് എപ്പോഴും ഉണ്ടാകേണ്ടത്.

# 4. നാസ്തികചിന്ത

ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല നാസ്തികചിന്ത. ക്രിസ്തുവിനു മുൻപ് ജീവിച്ചിരുന്ന ഗായകരാജാവ് ദാവീദ് രചിച്ച സങ്കീർത്തനത്തിൽ ഇങ്ങനെ രേഖപ്പെടുത്തി. "വിഡ്ഢി, അവന്റെ ഉള്ളിൽ പറയുന്നു ദൈവമില്ലെന്ന്". ആസ്തികന്മാരുടെ കാലത്തിനടുത്ത് നാസ്തികന്മാരും രംഗപ്രവേശം ചെയ്തിട്ടുണ്ടായിരിക്കണം. ഡാർവിന്റെ പരിണാമസിദ്ധാന്തം ശാസ്ത്രജ്ഞന്മാരെ രണ്ടായി വിഭജിച്ചു. തെയ്യാർദ് ഷെർദാൻ പരിണാമം ദൈവത്തിലേക്കുള്ള മനുഷ്യന്റെ വഴി കാണിക്കുന്നുവെന്നു പറഞ്ഞപ്പോൾ, റിച്ചാർഡ് ഡോക്കിൻസ് "ദൈവവിഭ്രാന്തി" മനുഷ്യരുടെ ചിന്താരോഗമായി ചിത്രീകരിച്ചു. മനുഷ്യൻ പ്രചരിപ്പിച്ചിട്ടുള്ളതിൽ ഏറ്റവും വലിയ നുണയാണു "ദൈവ"മെന്നു ശഠിക്കുന്നവരുണ്ട്. ഇമ്പമേറുന്ന ചലച്ചിത്രഗാനങ്ങൾ രചിക്കാൻകൊള്ളാവുന്ന പദമാണ് ദൈവമെന്നു വ്യാഖ്യാനിക്കുന്നവരുണ്ട്.

യവനചിന്തകരുടെ പിതാമഹനായ താലസുമുതൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഉമ്മറത്തിരിക്കുന്നവർ വരെയുള്ള ചിന്തകന്മാർ രണ്ടു വിഭാഗമായി തിരിഞ്ഞിട്ടുണ്ട്. പല ഉന്നതചിന്തകർക്കും അസ്തിത്വത്തിന്റെ അർത്ഥം പിടികിട്ടുന്നില്ല. ഇമ്മാനുവൽ കാന്റിനുപോലും ഗ്രഹിക്കാതെപോയ, താൻ ആരാണെന്നോ എന്തിനുവേണ്ടി ജീവിക്കുന്നുവെന്നോ, എങ്ങോട്ടുപോകുന്നുവെന്നോ ഉള്ള സമസ്യ, ചിലരെ വിറളി പിടിപ്പിക്കയും പലരേയും ചിന്തിപ്പിക്കയും ചെയ്യുന്നു. ഒരു ലക്ഷ്യവുമില്ലാതെ വെറുതെയങ്ങു ജീവിച്ചുപോകുന്നവർ അനേകമാണ്. എന്നാൽ അസ്തിത്വത്തിന്റെ രഹസ്യവും അർത്ഥവും ആർക്കെങ്കിലും പിടികിട്ടിയാൽ വർത്തമാന-ഭാവി ജീവിതത്തെ അതു ധന്യവും വ്യത്യസ്തവുമാക്കും. മനുഷ്യജീവിതത്തിനു തിരുത്തൽ നല്കുന്ന ടോണിക്കാണ് ഈശ്വരവിശ്വാസവും ആദ്ധ്യാത്മികചിന്തയും. ഈ ഭൂമിയിൽ ഏറെനാൾ ജീവിച്ചിട്ടും ജീവി

താർത്ഥം ഗ്രഹിക്കാതെപോകുന്നതു നഷ്ടവും ബൗദ്ധികമായ വികലതയും ആദ്ധ്യാത്മികമായ ദോഷത്തവുമാണ്. പരമാണുവിന്റെ അകത്തുള്ള രഹസ്യങ്ങൾ കണ്ടുപിടിക്കാൻ കഴിവുള്ള മനുഷ്യൻ തന്റെ ഉള്ളിൽ നടക്കുന്നതെന്താണെന്നു ഗ്രഹിക്കാൻ കഴിവില്ലാത്തവനായിപ്പോകുന്നതാണ് ഏറ്റവും വലിയ ദൗർഭാഗ്യം.

ആസ്തികപാരമ്പര്യമുള്ള കുടുംബത്തിൽ ജനിക്കയും നല്ല ശിക്ഷണം ലഭിക്കയും ചെയ്ത അഭ്യസ്തവിദ്യനും ബുദ്ധിമാനും വ്യവസായത്തിലൂടെ കോടീശ്വരനുമായ വ്യക്തിയാണ് ഇക്കൊല്ലം ഇന്ത്യയിൽ നാസ്തികസമ്മാനത്തിനർഹനായിരിക്കുന്നത്. നിരീശ്വരനെന്നു പറയുന്നത് അവമാനമായി തോന്നുന്നവരാണ് അതു പരിഷ്കരിച്ചെടുത്തു യുക്തിവാദിയെന്നാക്കുന്നത്. ധനവും, ബുദ്ധിശക്തിയും, ആരോഗ്യവും സൗന്ദര്യവുംപോലെ ദൈവദാനമാണ് വിശ്വാസം. അത് ചിലർക്ക് ലഭിക്കാതെ പോകുന്നതിൽ സഹതപിക്കാം. "നീ അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക"യെന്നു ശിഷ്യനായ തോമസിനോട് ഈശോ പറഞ്ഞു. വിശ്വാസിയാവുക ഒരുവന്റെ ചിന്താപരിധിയിൽപെട്ടതും സാദ്ധ്യവുമായ കാര്യമായതുകൊണ്ടാണല്ലോ അങ്ങനെ പറയുവാനിടയായത്. ഓരോ അവിശ്വാസിക്കും ദുർബുദ്ധിയും ശാഠ്യവുമില്ലെങ്കിൽ വിശ്വാസിയാകുവാൻ സാധിക്കും.

നാസ്തികചിന്ത ഭാരതത്തിൽ ചിലേടങ്ങളിലും കേരളത്തിലും ഇടയ്ക്കിടയ്ക്ക് ചില വ്യക്തികളിൽകൂടി തല പൊക്കാറുണ്ടെങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഭാഗങ്ങളിലാണ് അതു പിച്ചവെച്ചു നടന്നു തുടങ്ങിയത്. സഹോദരനയ്യപ്പൻ, എം.സി.ജോസഫ്, വി.ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള തുടങ്ങിയവരാണ് ശക്തരായ നാസ്തികരായി പ്രത്യക്ഷപ്പെട്ടതും, നിരീശ്വരാശയങ്ങൾ നിരന്തരം പ്രചരിപ്പിച്ചുനടന്നതും. ബുദ്ധിജീവികളിൽ താഴേക്കിടയിലുള്ളവരും, നിരീശ്വരത്വം പറഞ്ഞുനടന്നാൽ പുരോഗമനക്കാരാകുമെന്നു ധരിച്ചവരും ഇവിടെ ഉണ്ടായിരുന്നു.

എന്നാൽ വോൾട്ടയർ, റൂസ്സോ, ദീദരോ, റോബസ്പിയർ തുടങ്ങിയ ഫ്രഞ്ചു നിരീശ്വരന്മാരെപ്പോലെ ശാഠ്യക്കാരും വിപ്ലവചിന്തകരും കടുംപിടുത്തക്കാരുമായ നാസ്തികന്മാർ ലോകത്തു പിന്നീടുണ്ടായിട്ടില്ല. മതവിശ്വാസികളെ കുറ്റവാളികളായി കണ്ടു വധശിക്ഷയ്ക്കു വിധിച്ചത് ഫ്രഞ്ചുവിപ്ലവാവസരത്തിലായിരുന്നു. മതവിശ്വാസമില്ലാത്ത തലമുറ വളർന്നുവന്നത് ആ കാലഘട്ടത്തിലാണ്.

നവോത്ഥാന കാലഘട്ടത്തോടനുബന്ധിച്ചാണു "ചിന്തിക്കാൻ തുനിയുക" എന്ന മുദ്രാവാക്യവുമായി ബുദ്ധിജീവികൾ ഉണർന്നെ ണീറ്റത്. പരമ്പരാഗതമായ ധാരണകളെയും വിശ്വാസമൂല്യങ്ങളേയും എതിർക്കുന്നതാണ് ബുദ്ധികൊണ്ടു ചെയ്യാവുന്ന കനപ്പെട്ട സേവ നമെന്ന് ചിലരൊക്കെ കരുതിപ്പോന്നു. നാസ്തികചിന്തയുടെ പ്രചാ രകരാണ് ബുദ്ധിവളർന്നവരെന്നു കരുതുന്നവരുണ്ട്. മൂല്യനിഷേധം സാഹസികതയോ അജ്ഞതയോ? ദൈവമില്ലെന്നു മൂന്നുപേർ ഉച്ച ത്തിൽ പറഞ്ഞാൽ ദൈവം ഇല്ലാതാകുമോ?

ദൈവമില്ലെന്നു വാദിക്കുന്നതാണു അറിവിന്റെ ലക്ഷണമെന്നു ചിലർ പറഞ്ഞുനടക്കുന്നു. ഒരു മൊട്ടുസൂചിക്കുപോലും നിർമ്മാ താവുണ്ട്. അത്ഭുതരഹസ്യങ്ങൾ നിറഞ്ഞ ഈ വിശ്വത്തിന് ഒരു വിധാതാവില്ലായെന്നു സിദ്ധാന്തിക്കുന്നതിലെ ഔദ്ധത്യം അഗ്രാ ഹ്യമാണ്. സത്യത്തെ അറിയുന്നതും ആദരിക്കുന്നതുമാണു ജ്ഞാന മെന്ന് എല്ലാവരും പറയുന്നു. എന്നാൽ സത്യത്തെ നിരാകരിക്കയും തമസ്കരിക്കയും ചെയ്യുന്നവർ ജ്ഞാനിയാണെന്നു ചിലർ വിചാ രിക്കുന്നു.

മനുഷ്യന്റെ മനസ്സിൽ പാരമ്പര്യസിദ്ധമായി ലഭിച്ചിരിക്കുന്ന അറിവുകളും മൂല്യങ്ങളും വാരിക്കളഞ്ഞ് മനസ്സു ശുദ്ധമാക്കുന്നത് സാഹസികതയും ജ്ഞാനമാർഗ്ഗവുമാണെന്നു ചിന്തിക്കുന്നവരുണ്ട്. അടിസ്ഥാനജ്ഞാനം തീർത്തും നിരാകരിക്കുന്നത് ഒരു നേട്ടമോ കോട്ടമോ? ദൈവചിന്ത, മാതാപിതാക്കളോടുള്ള ബഹുമാനം, സഹോദരസ്നേഹം തുടങ്ങിയവ സിലബസിൽ ഉൾപ്പെടുത്തി സർട്ടി ഫിക്കറ്റു വാങ്ങേണ്ട വിഷയങ്ങളല്ല. ജീവിതവിജയത്തിനും മാന സിക സംസ്കാരത്തിനും ആവശ്യമായ വിഷയമായി ഓരോ മനു ഷ്യന്റെയും ഹൃദയത്തിൽ അവ എഴുതിവച്ചിരിക്കുന്നു. ആധുനിക ശാസ്ത്രജ്ഞന്മാരുടെ ഇടയിലുള്ള നിരീശ്വരന്മാരാണ് റിച്ചാർഡ് ഡോക്കിൻസ്, ഡാനിയേൽ ഡയനറ്റ് തുടങ്ങിയവർ. ലോകമാസക ലമായി ആയിരക്കണക്കിനു ശാസ്ത്രജ്ഞന്മാരും ചിന്തകരും സാഹി ത്യകാരന്മാരുമുണ്ട്. അവരിൽ ഏതാനുംപേർ വ്യത്യാസപ്പെട്ടരീതി യിൽ ചിന്തിക്കുന്നുവെന്നതിൽ ആശ്ചര്യപ്പെട്ടിട്ടു കാര്യമില്ല. പല പ്പോഴും വിവേകപൂർണ്ണമായ തീരുമാനങ്ങൾ എടുക്കുകയും അഭി പ്രായങ്ങൾ പറയുകയും ചെയ്യുന്നവരെ അവഗണിക്കയും ഒറ്റപ്പെ ട്ടതും അലങ്കോലം സൃഷ്ടിക്കുന്നതുമായ അഭിപ്രായം പറയുന്ന വർ ആരാധനാമൂർത്തികളും ആദർശനക്ഷത്രങ്ങളുമായി പരിഗണി ക്കയും ചെയ്യും.

വികലബുദ്ധികളേയും വികാസംകുറഞ്ഞ ചിന്തകരേയും പാർശ്വവീക്ഷണക്കാരേയും അഗാധപണ്ഡിതന്മാരുടെ പട്ടും വളയും ആചാരവെടികളും പൂപ്പന്തലും നല്കി ബഹുമാനിക്കാൻ ഒരുങ്ങുന്നവരുണ്ട്. വിവരക്കേടു പറയുന്നത് അഗാധജ്ഞാനമായും ദിവാസ്വപ്നങ്ങൾ കാണുന്നത് ഗവേഷണമായും വ്യാഖ്യാനിക്കുന്നവരുണ്ട്.

പഴയ തലമുറകളിൽനിന്നും സമകാലീന തലമുറകളിലൂടെ ഒഴുകിയിറങ്ങുന്ന സംസ്കാരമാണ് ഓരോ ജനസമൂഹത്തിന്റെയും സമ്പത്ത്. ഈശ്വരവിശ്വാസം ഓരോ സംസ്കാരത്തിന്റെയും ഉള്ളിലൂടെയോടുന്ന കാണാച്ചരടാണ്. ഈശ്വരവിശ്വാസമില്ലാത്ത സമൂഹത്തിനു ദൃഢതയും ജീവിതപാകതയും ഉണ്ടാകണമെന്നില്ല. ഒരവസരത്തിൽ അപഭ്രംശമായി ആസ്തിക്യചിന്തയിൽനിന്ന് അകന്നുപോകുന്ന സമൂഹം അടുത്ത ഘട്ടത്തിൽ ഈശ്വരവിശ്വാസത്തിലേക്കു തിരിച്ചുവരുന്നതായി കാണാം. ഒട്ടും ഉറപ്പില്ലാത്ത കമ്പിൽ ഏറെനാൾ തൂങ്ങിക്കിടക്കുവാൻ ആർക്കും സാദ്ധ്യമല്ല. അതു ജനതകളുടെ കാര്യത്തിലും ശരിയാണ്.

എല്ലാക്കാലങ്ങളിലും പൊതുജീവിതത്തോടു പൊരുത്തപ്പെടാത്തവരും ജനാഭിപ്രായങ്ങളോട് എതിർപ്പ് പ്രകടിപ്പിക്കുന്നവരും ഉണ്ടാകും. അവരെയെല്ലാം ആശയധനന്മാരും പുരോഗമന ചിന്താഗതിക്കാരുമായി കണക്കാക്കാൻ സാധിക്കുകയില്ല. ചാൾസ് ഡാർവിന്റെ 'വംശോല്പത്തി' എന്ന ഗവേഷണഗ്രന്ഥം പിടിച്ച് സത്യം ചെയ്താണ് എല്ലാ നാസ്തികന്മാരും വാദങ്ങളുന്നയിക്കുന്നത്. പരിണാമവാദം അവതരിപ്പിച്ചതോടുകൂടി മതത്തിന്റെയും ഈശ്വരവിശ്വാസത്തിന്റെയും അടിത്തറ ഇളകിപ്പോയി എന്നു സിദ്ധാന്തിച്ചും വിജയഭേരി മുഴക്കിയും നടക്കുന്നവരുണ്ട്. എന്നാൽ ഡാർവിന്റെ പരിണാമവാദം ദൈവമില്ലെന്ന് ഒരു ന്യായവും അവതരിപ്പിക്കുന്നില്ല. 2012-ൽ ആസ്ട്രേലിയൻ ടെലവിഷനിൽ സിഡ്നി ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ് പെല്ലും ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രജ്ഞനും നാസ്തികനുമായ റിച്ചാർഡു ഹോക്കിംഗ്സും തമ്മിൽ നടന്ന വാഗ്വാദം ലോകശ്രദ്ധ ആകർഷിക്കയുണ്ടായി. ഈശ്വരവിശ്വാസത്തിന്റെ അടിക്കല്ലുവരെ പരിണാമശാസ്ത്രം തകർത്തുകളഞ്ഞുവെന്നും ഡാർവിനാണ് ലോകത്തിലെ ഏറ്റവും വലിയ നാസ്തികനെന്നും ഹോക്കിംഗ്സ് വാദിച്ചു. എന്നാൽ ചാൾസ് ഡാർവിന്റെ ആത്മകഥ ഉദ്ധരിച്ച് അദ്ദേഹം ദൈവവിശ്വാസിയാണെന്ന് കർദ്ദിനാൾ സ്ഥാപിക്കയുണ്ടായി. ലോകത്തിലുള്ള

സൃഷ്ടവസ്തുക്കളും മനുഷ്യനും യദൃച്ഛയാ ഉണ്ടായതല്ല. അപ്രകാരം ചിന്തിക്കുമ്പോൾ മനുഷ്യനുള്ളതുപോലെ ബുദ്ധിശക്തിയുള്ള ആദികാരണത്തെപ്പറ്റി പറയുന്നതുകൊണ്ട് ഈശ്വരവിശ്വാസിയെന്നു വിളിക്കപ്പെടാൻ ഞാൻ യോഗ്യനാണ് (ആത്മകഥ p.98).

സ്വന്തം അഭിപ്രായം സ്ഥാപിച്ചുറപ്പിക്കുവാൻ വ്യാജപ്രസ്താവനകളും മിഥ്യാസാക്ഷ്യങ്ങളുമായി നടക്കുന്നവരുണ്ട്. ശാസ്ത്രജ്ഞന്മാരും പണ്ഡിതന്മാരും നിരീശ്വരന്മാരാണെന്നും ദൈവമില്ലെന്ന് അവർ തെളിയിച്ചിട്ടുണ്ടെന്നും നിരന്തരം പ്രചരണം നടത്തുന്നവരുണ്ട്. അനുദിന ജീവിതത്തിൽ നാം സ്ഥിരം ഉപയോഗിക്കുന്ന നിസ്സാരവസ്തുവിനുപോലും നിർമ്മാതാവ് ഉണ്ടായിരിക്കേ, അണ്ഡകടാഹത്തിന്റെ ആകർഷണവികർഷണ നിയമങ്ങൾ അനുസ്യൂതം പാലിച്ചു വിശ്വത്തെ സംരക്ഷിക്കുന്ന ദൈവമില്ലെന്നു പറയുന്നവരുടെ ബൗദ്ധിക പാപ്പരത്തത്തിൽ അനുതപിക്കയേ നിവൃത്തിയുള്ളു.

# 5. ജരാർദിന്റെ അലങ്കാരശാസ്ത്രം

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പഠിക്കുന്ന അവസരത്തിൽ പ്രസിദ്ധ വ്യാകരണ പ്രതിഭയായ പ്രൊഫ. കെ. എം. ദാനിയേൽ, ജരാർദ് മിഷനറി രചിച്ച ഗ്രന്ഥമെന്നു പരിചയപ്പെടുത്തി, ഭാഷയിലെ ആദ്യ അലങ്കാര ശാസ്ത്രത്തെപ്പറ്റി സംസാരിക്കയുണ്ടായി. ആരുടെയെങ്കിലും പേരിനോടു ചേർത്തു മിഷനറിയെന്നു വിശേഷിപ്പിച്ചാൽ, വിദേശിയെന്നാണ് ധരിച്ചുപോന്നത്. ഗുണ്ടർട്ട്, ബെയിലി, അർണോസ് പാതിരി തുടങ്ങിയ വിദേശവ്യക്തികൾ ചെയ്ത ഭാഷാസ്നേഹത്തെപ്പറ്റി സ്മരിക്കുമ്പോൾ, ജരാർദ് മിഷനറിയും ഒരു വിദേശിയനാണെന്നു ധരിച്ചുപോകാനിടയായി. വർഷങ്ങൾ കഴിഞ്ഞാണ് കേരളത്തിൽ ജനിച്ചുവളർന്ന വിവിധ ഭാഷാജ്ഞാനിയായ ഫാ. ജരാർദ് കണ്ണമ്പള്ളി സി.എം.ഐ ആയിരുന്നു ഈ മിഷനറിയെന്നു അറിയുവാനിടയായത്.

തൃശൂരിനടുത്തുള്ള പരിയാരം ഗ്രാമത്തിൽ സമ്പന്നനായ പിതാവിന്റെ ഏകപുത്രനായി ജനിച്ച വ്യക്തിയാണ് സമ്പത്തും ജീവിതസൗഭാഗ്യങ്ങളും ത്യജിച്ചു ജരാർദ് എന്ന സന്ന്യാസനാമം സ്വീകരിച്ചത്. മാന്നാനം, എൽത്തുരുത്ത് ആശ്രമങ്ങളിൽ അന്നു പ്രവർത്തിച്ചിരുന്ന മുദ്രണശാലകളുടെ മാനേജരായി സേവനമനുഷ്ഠിച്ചിട്ടുള്ള ഫാ. ജരാർദ് 'ദീപിക' ദിനപത്രത്തിന്റെ സ്ഥാപകനും ആദ്യത്തെ മാനേജരുമായിരുന്നു. ഇംഗ്ലീഷ്ഭാഷ പഠിച്ച തലമുറ വളർന്നുവരണമെന്ന ഉദ്ദേശ്യത്തോടെ, മാന്നാനത്ത് ഒരു ഇംഗ്ലീഷ്സ്കൂൾ സ്ഥാപിക്കാൻ അദ്ദേഹം നേതൃത്വം നല്കി. പില്ക്കാലത്ത് വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളോടെ വളർന്നുവികസിച്ച പാവർട്ടി ആശ്രമത്തിന്റെ സ്ഥാപനത്തിനും അദ്ദേഹം ആരംഭമിട്ടു.

ഇവയൊക്കെയും അദ്ദേഹത്തിന്റെ പ്രവർത്തനരംഗത്തെ ഡാലിയാപ്പൂക്കൾ മാത്രമേ ആകുന്നുള്ളൂ. യൗവനം പൂർണ്ണമായും പൂർത്തിയാകുന്നതിനു മുമ്പ് ദിവംഗതനായ ഫാ. ജരാർദ് ഇന്ന് അറിയപ്പെ

ടുന്നത് അലങ്കാരശാസ്ത്രം എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ ലാക്ഷണികഗ്രന്ഥത്തിന്റെ രചയിതാവ് എന്ന നിലയിലാണ്. മുപ്പതാമത്തെ വയസ്സിൽ ലത്തീൻ ഗ്രീക്കു തുടങ്ങിയ പ്രാചീനഭാഷകളിലെഴുതിയിട്ടുള്ള ക്ലാസ്സിക്കൽ ഗ്രന്ഥങ്ങൾ വായിച്ചുപഠിച്ചാണ് അലങ്കാരശാസ്ത്ര രചനയ്ക്ക് ഒരുങ്ങിയത്.

മുമ്പൊക്കെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിൽ തത്ത്വശാസ്ത്രപഠനത്തിന് ആമുഖമായി ഒരു വർഷത്തോളം ദീർഘിക്കുന്ന പ്രഭാഷണകലാപഠനം ഉൾപ്പെടുത്തിയിരുന്നു. ഓരോ ഞായറാഴ്ചയും ദൈവവചനപ്രഘോഷണം നടത്തേണ്ട വൈദികർ പ്രഭാഷണകലയുടെ അടിസ്ഥാനതത്ത്വങ്ങൾ പഠിച്ചിരുന്നാൽ മാത്രമേ ആകർഷകമായി ആശയസംവേദനം നടത്താൻ കഴിയുവെന്നു സിലബസ് നിർണ്ണയിച്ചിരുന്നവർ മനസ്സിലാക്കിയിരുന്നു. അതുകൊണ്ട് പ്രഭാഷണകലയ്ക്ക് പ്രാധാന്യം നല്കിയിരുന്നു.

വൈദികവിദ്യാർത്ഥികളുടെ പരിശീലകനായി നിയമിതനായ ഫാ. ജരാർദ് യവനതത്ത്വചിന്തകരിൽ ഗഹനത പ്രകടിപ്പിച്ചിരുന്ന അരിസ്റ്റോട്ടലിന്റെ മുഖ്യ ചർച്ചാ വിഷയങ്ങളായ കാവ്യമീമാംസയും, പ്രഭാഷണകലയും രാഷ്ട്രശാസ്ത്രവും ബുദ്ധികൊണ്ടു കൊത്തിക്കീറി പാകപ്പെടുത്തിയെടുത്താണ് അലങ്കാര ശാസ്ത്രത്തിന് അടിത്തറയൊരുക്കിയത്. സിസറോയുടെ പ്രഭാഷണങ്ങളായിരുന്നു ഉത്തമപ്രസംഗത്തിന് ഉദാഹരണങ്ങളായി അവതരിപ്പിച്ചിരുന്നത്. അതുകൊണ്ട് അർക്കിയാസ്, മിലോ എന്നിവരുടെ കേസുകൾക്കുവേണ്ടി റോമൻ കോടതിയിൽ സിസറോ നടത്തിയ യുക്തിഭദ്രവും ഭാഷാസൗകുമാര്യമേറിയതുമായ വാദങ്ങൾ മാതൃകാപ്രസംഗങ്ങളായി അംഗീകരിച്ചുപോന്നിരുന്നു. ഇവയിലൊക്കെയുള്ള ആശയങ്ങളും അവതരണരീതിയും ചെത്തിമിനുക്കിയെടുത്താണ് ജരാർദച്ചൻ വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തിരുന്നത്.

പ്രഭാഷണകലയെപ്പറ്റി വിദ്യാർത്ഥികളെ പഠിപ്പിക്കാൻ അംഗീകരിക്കപ്പെട്ട പഠനഗ്രന്ഥങ്ങൾ ഇല്ലാതിരുന്നതിനാൽ, വ്യക്തിപരമായി തയ്യാറാക്കിയ ഗ്രന്ഥത്തിന് അംഗീകാരം ലഭിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ്, സഭാധികാരിയായ വരാപ്പുഴ മെത്രാനു ഗ്രന്ഥസമർപ്പണം നടത്താൻ രചയിതാവ് തയ്യാറായിരിക്കുന്നത്.

കിഴക്കു കിഴക്കെന്നും പടിഞ്ഞാറു പടിഞ്ഞാറെന്നും റുഡ്യാർഡ് കിപ്ലിംഗ് പറഞ്ഞത് ഒരളവോളം ശരിയാണ്. സാഹിത്യം, സൗന്ദര്യശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്കു പാശ്ചാത്യവും

പൗരസ്ത്യവുമായ വീക്ഷണങ്ങൾ വ്യത്യസ്തമാണ്. അലങ്കാരശാസ്ത്രത്തിന്റെ കാര്യത്തിലും ഇക്കാര്യം ശരിയാണ്. രസങ്ങൾ ഒൻപതേയുള്ളുവെന്ന പൗരസ്ത്യവാദം പാശ്ചാത്യർ പണ്ടേ തള്ളിക്കളഞ്ഞിരിക്കുന്നു. ഭാരതീയാചാര്യന്മാരുടെ ആഖ്യാനരീതി ഗ്രഹിച്ചുവന്നവരെ സംബന്ധിച്ചിടത്തോളം യവന-റോമൻ ആശയങ്ങൾ ഗ്രഹിക്കാൻ പ്രയാസം അനുഭവപ്പെടും. മഹാകവി ഉള്ളൂരിന്റെയും ഏ. ആർ. രാജരാജവർമ്മയുടെയും ശ്രദ്ധയിൽ അലങ്കാരശാസ്ത്രം പെട്ടുവെങ്കിലും പാശ്ചാത്യാശയങ്ങൾ ഉൾക്കൊള്ളാനുള്ള വൈമുഖ്യം നിമിത്തം, അവർക്കു വേണ്ടരീതിയിൽ മനസ്സിലാക്കാനും കഴിഞ്ഞില്ല.

ഗ്രന്ഥത്തെ മൂന്നു കാണ്ഡങ്ങളായി വിഭജിച്ച് പ്രസംഗകലയുടെ എല്ലാ ഘടകങ്ങളെപ്പറ്റിയും സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്. ലക്ഷണയുക്തവും, ആശയനിർഭരവും ആകർഷകവുമായ ഒരു പ്രസംഗം നടത്തുന്നതിന് കാണേണ്ടതും കരുതേണ്ടതുമായ എല്ലാക്കാര്യങ്ങളും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ രചിച്ച ഈ ഗ്രന്ഥത്തിലുണ്ട്. ഈ നൂറ്റാണ്ടിലും പഠനഗ്രന്ഥമായി അംഗീകരിക്കാൻ യോഗ്യതയുള്ള കൃതി ആവശ്യമായ ചമയങ്ങളോടെ ഡോ. സെഡ്. എം. മൂഴൂർ രണ്ടാം പതിപ്പായി അവതരിപ്പിച്ചിരിക്കുന്നു.

പ്രസിദ്ധപണ്ഡിതനായ ഡോ. സുകുമാർ അഴീക്കോട് വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ഫാ. ജരാർദ്ദിന്റെ അലങ്കാരശാസ്ത്രം ശ്രദ്ധയിൽപെട്ടിരുന്നുവെന്നും എന്നാൽ ബെയിലിയുടെയും ഗുണ്ടർട്ടിന്റെയും ഗ്രന്ഥങ്ങളെപ്പറ്റിയുള്ള ചർച്ചകളുടെ തീവ്രതയിൽ പ്രതിഭാശാലിയായ ഗ്രന്ഥകാരൻ അവഗണിക്കപ്പെടുകയും അജ്ഞാതനായിപ്പോവുകയുമാണ് ചെയ്തതെന്നു അവതാരികയിൽ സൂചിപ്പിക്കുന്നുണ്ട്. വായിക്കാനും പുകഴ്ത്തിപ്പറയാനും ആളുകൾ ഇല്ലാതെവരുമ്പോൾ ഏതൊരു മാണിക്യകൃതിയും കുപ്പത്തൊട്ടിയിൽ വലിച്ചെറിയുക സാധാരണമാണ്.

അലങ്കാരശാസ്ത്രത്തെപ്പറ്റി വിശദമായ പഠനത്തിനാണു ഗ്രന്ഥത്തിൽ സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്. ഗ്രന്ഥത്തെ വിഷയാടിസ്ഥാനത്തിൽ മൂന്നു കാണ്ഡങ്ങളായും ഓരോ കാണ്ഡത്തേയും വിവിധ അദ്ധ്യായങ്ങളായും അദ്ധ്യായങ്ങളെ സർഗ്ഗങ്ങളായും തിരിച്ച് അലങ്കാരസംബന്ധിയായ എല്ലാക്കാര്യങ്ങളും ചോദ്യോത്തര രൂപത്തിൽ വിശകലനം ചെയ്യുന്നുണ്ട്. പ്രാചീന പാശ്ചാത്യപണ്ഡിതന്മാർ പഠനവിധയമാക്കിയ എല്ലാ അലങ്കാരവിഭാഗങ്ങളും വിദ്യാർത്ഥികൾക്കു ഗ്രാഹ്യമായ രീതിയിൽ വിശകലനം ചെയ്തുപോരുന്നുണ്ട്.

അലങ്കാരശാസ്ത്രമെന്നാണ് ഗ്രന്ഥത്തിന്റെ പേരെങ്കിലും തർക്കശാസ്ത്രം, പ്രസംഗതന്ത്രം, അലങ്കാര വിഭാഗം എന്നീ മൂന്നു വിഷയങ്ങളും വിശദീകരിച്ചു പ്രസംഗം ആസ്വാദ്യകരമാക്കാനുള്ള എല്ലാ മാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നുണ്ട്. വിവിധ ഭാഷകളിലുള്ള പാശ്ചാത്യഗ്രന്ഥങ്ങളോടൊപ്പം എഴുത്തച്ഛന്റെ മഹാഭാരതം, രാമായണം, കുഞ്ചൻനമ്പ്യാരുടെ കൃതികൾ, മണിപ്രവാളകൃതികൾ, ചുമ്പുക്കൾ എന്നിവയും അർണോസു പാതിരി, ചാവറകുര്യാക്കോസ് അച്ചൻ എന്നിവരുടെ ഗ്രന്ഥങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉദാഹരണങ്ങൾ കണ്ടുപിടിച്ച് ഈ ഗ്രന്ഥത്തിൽ അവസരോചിതമായി ചേർത്തിട്ടുണ്ട്. വിപുലമായ ഒരു വായനാമേഖലയുള്ളവർക്കു മാത്രമേ ത്യാജ്യഗ്രാഹ്യ വിവേചനാശക്തിയോടെ ഇതുപോലെ ഉദ്ധരണികൾ ഉപയോഗിക്കാൻ സാധിക്കൂ

ആചാര്യനായ ചാവറയച്ചനെപ്പോലെ ഭാഷയോടും സാഹിത്യത്തോടും താത്പര്യമുള്ള ആളായിരുന്നു ജരാർദച്ചൻ. അലങ്കാരശാസ്ത്രത്തിൽ വ്യുത്പത്തി നേടുകയെന്നു പറഞ്ഞാൽ സെന്റ് അഗസ്റ്റിന്റെ സൗന്ദര്യാവബോധത്തിലേക്ക് ഉൾക്കാഴ്ച നേടുകയാണ്. മാനസിക പരിവർത്തനം സാധിച്ചു ജീവിതത്തിന്റെ ആദ്യകാല ദുഷ്കർമ്മങ്ങളിൽനിന്നും അകന്നുമാറിയ അഗസ്റ്റിൻ സൗന്ദര്യാവബോധം നിലനിറുത്തിയാണു പിന്നീടു ജീവിച്ചിരുന്നതെന്നോർത്തിരിക്കണം. അലങ്കാരശാസ്ത്രത്തിന്റെ വിവിധ സർഗ്ഗങ്ങളിലൂടെ ഗ്രന്ഥകർത്താവു നമ്മെ കൂട്ടിക്കൊണ്ടു പോകുമ്പോൾ ശാസ്ത്രത്തിന്റെ വിവിധ അറകളാണു നമ്മേ തുറന്നുകാണിക്കുന്നത്. ഓരോന്നിനെപ്പറ്റിയും വിവരണവും ആവശ്യാനുസരണം ദൃഷ്ടാന്തവും നല്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്.

1881-ൽ എഴുതി പ്രസിദ്ധപ്പെടുത്തിയ ഈ ഗ്രന്ഥത്തെപ്പറ്റി അറുപതു വർഷത്തിനുശേഷം ഭാഷാപണ്ഡിതനായ ഇ.പി. നമ്പൂതിരിയും ചരിത്രകാരനായ എം.ഒ. ജോസഫും ദീപികയിലൂടെ ലേഖനങ്ങളെഴുതി അനുസ്മരിക്കയും അഭിനന്ദിക്കയും ചെയ്യുകയുണ്ടായി. അലങ്കാരശാസ്ത്രത്തിന്റെ പരിഷ്കരിച്ച പതിപ്പിറങ്ങുന്ന് അവസരത്തിൽ അതിന്റെ ചരിത്രപരമായ പ്രാധാന്യവും സാഹിത്യസംബന്ധമായ മൂല്യവും മനസ്സിലാക്കി സഹൃദയർ ആഹ്ലാദപുരസ്സരം സ്വീകരിക്കുമെന്നു പ്രതീക്ഷിക്കാം.

പ്രസംഗകല, അലങ്കാരം, വ്യാകരണം തുടങ്ങിയ ശാസ്ത്രീയ വിഷയങ്ങളെപ്പറ്റി ആധികാരികമായ ഒരു ഗ്രന്ഥം ആദ്യമായി എഴുതിയ വൈദികൻ ജരാർദച്ചനാണെന്നു പറയാം. ഗുണ്ടർട്ട്, ബെയിലി

തുടങ്ങി ഭാഷയ്ക്കു അമൂല്യസംഭാവനകൾ ചെയ്ത വ്യക്തികളുടെ കൂട്ടത്തിൽ അദ്ദേഹവും ഉൾപ്പെടുന്നു. അലങ്കാരശാസ്ത്രം എന്ന ഗ്രന്ഥത്തിന്റെ മഹത്ത്വം മനസ്സിലാക്കാനും വായിച്ച് ആസ്വദിക്കാനും തക്ക വൈജ്ഞാനിക ശക്തിയുള്ളവർ എത്രയുണ്ടാകുമെന്ന് പരിശോധിച്ചു നോക്കേണ്ടിയിരിക്കുന്നു. ജരാർദിന്റെ ശാസ്ത്രഗ്രന്ഥത്തിന്റെ നൂറ്റിമുപ്പതാം വർഷത്തിലാണ് അതിന്റെ രണ്ടാം പതിപ്പിറക്കുവാൻ കഴിഞ്ഞതെന്നറിയുമ്പോൾ ശാസ്ത്രമേഖലയെപ്പറ്റിയുള്ള നമ്മുടെ അജ്ഞതയും അവഗണനയുമാണു കാണിക്കുക.

അടിസ്ഥാന ശാസ്ത്രഗ്രന്ഥങ്ങൾ രചിക്കുമ്പോൾ അവലംബിക്കേണ്ട രീതികളെപ്പറ്റി "മാർത്തോമ്മാ ക്രിസ്ത്യാനികളു"ടെ കർത്താവായ ബർണാർഡച്ചനും ജരാർദച്ചനും പരിശീലനം ലഭിക്കുവാൻ അവസരമുണ്ടായില്ല. കേരളത്തിന്റെ സാഹചര്യത്തിൽ ഒതുങ്ങിക്കൂടേണ്ടിവന്നതുകൊണ്ട് പണ്ഡിതോചിത പ്രബന്ധരചനയുടെ പാഠങ്ങൾ എങ്ങുനിന്നും ഗ്രഹിക്കാനിടയായില്ല. സ്വപരിശ്രമംകൊണ്ടു പാണ്ഡിത്യത്തിൽ ഉയർന്നുവന്നവർക്കു ബുദ്ധിജീവികളുമായി സമ്പർക്കം പുലർത്താനുള്ള സൗകര്യങ്ങൾ ലഭിക്കാതെയും പോകും. അടിക്കുറിപ്പുകളും സൂചനകളും അവലംബഗ്രന്ഥ പരാമർശനങ്ങളും ഇല്ലെങ്കിൽപോലും ഗ്രന്ഥരചനയിൽ ചെലുത്തിയിട്ടുള്ള വൈജ്ഞാനിക യത്നം കുറച്ചുകാണാനും സാധിക്കയില്ല. പത്തൊമ്പതാം നൂറ്റാണ്ടിലെ പരിമിത സാഹചര്യത്തിൽ ഇത്രയും ഈടുറ്റ ഗ്രന്ഥം രചിച്ച ജരാർദച്ചനെ പിൻതലമുറ വേണ്ടവണ്ണം ആദരിച്ചിട്ടില്ല. ചാവറപ്പിതാവിന്റെ ഗ്രന്ഥങ്ങളും പ്ലാസിഡച്ചന്റെ സമ്പൂർണ്ണ കൃതികളും, ബർണാർഡച്ചന്റെ "മർത്തോമ്മാ ക്രിസ്ത്യാനിക"ളും പോലെ ജരാർദച്ചന്റെ അലങ്കാരശാസ്ത്രവും ഓരോ സി.എം.ഐ. ആശ്രമത്തിലേയും പുസ്തകശാലയിൽ സൂക്ഷിക്കുമ്പോൾ അതു നമ്മുടെ വൈജ്ഞാനിക പൈതൃകത്തിന്റെ ഒരു മുതൽക്കൂട്ടായിരിക്കും.

ഒരു സന്ന്യാസസമൂഹത്തെ വിലയിരുത്തുമ്പോൾ അതിന്റെ കെട്ടിടങ്ങളുടെ ആഡംബരമോ ആകർഷകതയോ എന്നതിനേക്കാൾ അവിടെ വസിക്കുന്നവരുടെ ആദ്ധ്യാത്മികനിലവാരവും വൈജ്ഞാനിക ശക്തിയുമാണു മുൻപന്തിയിൽ നില്ക്കുന്നത്. ഗ്രന്ഥങ്ങൾ വായിക്കയും ഗ്രന്ഥശേഖരം അമൂല്യസമ്പത്തായി കരുതുകയും ചെയ്യുന്ന സമൂഹങ്ങളിലാണ് വിജ്ഞാനികളും വിശുദ്ധരും ഉണ്ടാകുന്നത്. ഈ രണ്ടു വിഭാഗങ്ങളും വിരളമാകുന്ന സന്ന്യാസസംഘങ്ങൾ മരുഭൂമിക്കു തുല്യമായിരിക്കും.

പാശ്ചാത്യസമൂഹത്തിന് വൈജ്ഞാനിക തൃഷ്ണ ജനിപ്പിക്കാനും വളർത്തുവാനും ബനഡിക്ടൈൻ, അഗസ്തീനിയൻ, ഡൊമിനിക്കൻ, ഫ്രാൻസിസ്കൻ, ഈശോസഭ എന്നീ സന്ന്യാസസംഘങ്ങൾ ചെയ്തിട്ടുള്ള സേവനങ്ങൾ ആദരപൂർവ്വം ഓർക്കുമ്പോൾ മലയാളഭാഷയ്ക്കും സാഹിത്യത്തിനും സി.എം.ഐ സഭ ചെയ്ത സേവനങ്ങളും അനുസ്മരിക്കാവുന്നതാണ്.

# നിരീക്ഷണങ്ങൾ

എസ്. വെങ്ങാലൂർ സി. എം. ഐ

സന്ന്യാസത്തിന്റെ ബാലപാഠങ്ങൾ യഹൂദക്രൈസ്തവ മതവിഭാഗങ്ങളെ ആദ്യം പഠിപ്പിച്ച മഹാ ആചാര്യനാണ് കർമ്മെലമലയിലെ ഏലിയാ യോഗീശ്വരൻ. അദ്ദേഹത്തിന്റെ സന്ന്യാസചൈതന്യം അഭ്യസിക്കയും ശിഷ്യരിലേക്കു കൈമാറുകയും ചെയ്ത ആളാണ് ചാവറ അച്ചൻ. വാഴ്ത്തപ്പെട്ട ചാവറപ്പിതാവിന്റെ സേവനമേഖലകളെ വിവരിക്കയും, അദ്ദേഹത്തെപ്പറ്റിയുള്ള വിമർശനങ്ങളെ വിലയിരുത്തുകയും ചെയ്യുന്നു. മനുഷ്യന്റെ മതവിശ്വാസത്തെ കാർന്നുതിന്നുന്ന നാസ്തിക ചിന്തയെന്ന മാനസിക കാൻസറിനെ പരിശോധിക്കുന്നതൊടൊപ്പം, വിസ്മൃതനായ ഒരു മലയാള ഭാഷാപണ്ഢിതന്റെ അലങ്കാരശാസ്ത്രം അഭിമാനപുരസ്സരം പുനരവതരിപ്പിക്കുയും ചെയ്യുന്നു.

ദീപിക ബുക്ക് ഹൗസ്
ശാസ്ത്രിറോഡ് കോട്ടയം - 686 001